# മാരണവും ജോത്സ്യവും
## ഇസ്‌ലാമിക വിധി

ശൈഖ് ഇബ്നു ബാസ്

**മാരണവും ജ്യോത്സ്യവും (ഇസ്‌ലാമിക വിധി)**

ഗ്രന്ഥകർത്താവ്

**ശൈഖ് അബ്ദുൽ അസീസ് ബിൻ അബ്ദില്ലാഹ് ബിൻ ബാസ്**

(അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ)


شركاء التنفيذ:

دار الإسلام جمعية الربوة رواد الترجمة المحتوى الإسلامي



يتاح طباعة هذا الإصدار ونشره بأي وسيلة مع
الالتزام بالإشارة إلى المصدر وعدم التغيير في النص.



Telephone: +966114454900

ceo@rabwah.sa

P.O.BOX: 29465

RIYADH: 11557

www.islamhouse.com

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

بسم الله الرحمن الرحيم

# ആമുഖം

അല്ലാഹുവിന് സർവ്വ സ്തുതികളും. അല്ലാഹുവിന്റെ ദൂതർക്ക് മേൽ സ്വലാതും സലാമും ഉണ്ടാകട്ടെ. അവിടുത്തെ ബന്ധുമിത്രാദികൾക്കും അനുചരന്മാർക്കും അവരെ പിൻപറ്റിയവർക്കും മേലുമുണ്ടാകട്ടെ.

മാരണം (സിഹ്ർ) എന്നത് വൻപാപങ്ങളിൽ പെട്ട കാര്യമാണ്. ഏഴു വൻപാപങ്ങളിൽ എണ്ണപ്പെട്ട ഈ കൊടിയ പാപം ഉപേക്ഷിക്കാൻ അല്ലാഹുവും അവന്റെ ദൂതരും കൽപ്പിച്ചിരിക്കുന്നു. നമ്മുടെ കാലഘട്ടത്തിൽ വ്യത്യസ്ത രൂപങ്ങളിലും കോലങ്ങളിലും സിഹ്ർ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ആനന്ദവും ആസ്വാദനവും സൃഷ്ടിക്കാൻ എന്ന പേരിൽ സിനിമകളിൽ മാരണത്തിന്റെ രൂപങ്ങൾ കടന്നു വരുന്നുണ്ട്. മതപരമായ സിദ്ധികളുടെയും ഭൗതിക വിരക്തിയുടെയും പേരിൽ പ്രചരിച്ചതും, ഇസ്‌ലാമിക മന്ത്രം (റുഖിയ ശർഇയ്യഃ) എന്ന മറയുടെ പിറകിൽ കയറിക്കൂടിയതുമായ അനേകം മാരണത്തിന്റെ രൂപങ്ങൾ വേറെയുമുണ്ട്. നാടൻ ചികിത്സയുടെയും പച്ചമരുന്ന് ചികിത്സയുടെയും പേരിൽ പ്രചരിക്കുന്നവയും അക്കൂട്ടത്തിലുണ്ട്. അറിവോ മതപരമായ ഉൾക്കാഴ്ച്ചയോ ഇല്ലാത്ത എത്രയോ ജനങ്ങൾ ഇതിലെല്ലാം അകപ്പെട്ടു പോകുന്നു എന്നതാണ് സങ്കടകരം.

സിഹ്ർ എന്ന വിഷയത്തിന്റെ വളരെ ലളിതമായ വിശദീകരണവും, മാരണക്കാരുടെ അരികിൽ ചെല്ലുന്നതിന്റെ വിധിയും അതിനെതിരെയുള്ള താക്കീതുകളും ഉൾക്കൊള്ളുന്ന ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസിന്റെ ഗ്രന്ഥം ഇത്തരുണത്തിൽ വായനക്ക് അനുയോജ്യമാണ്. സഊദി അറേബ്യയുടെ ഗ്രാന്റ് മുഫ്തിയും പണ്ഡിത സഭയുടെ തലവനും ഫത്‌വാ ഗവേഷണ സമിതിയുടെ ചെയർമാനുമായിരുന്ന ശൈഖവർകളുടെ ഗ്രന്ഥം കൂടുതലായി പ്രചരിപ്പിക്കേണ്ടതിനുള്ള നടപടികൾ സഊദി മതകാര്യ വകുപ്പ് സ്വീകരിക്കുന്നത് ഈയൊരു സാഹചര്യത്തിലാണ്.

ശൈഖവർകളുടെ അനേകം മഹത്തരമായ പരിശ്രമങ്ങളിൽ എണ്ണപ്പെടേണ്ട ഒരു കാര്യമാണ് ഈ ഗ്രന്ഥം. ജനങ്ങളെ നന്മയിലേക്ക് ക്ഷണിക്കുകയും, അവർക്ക് മതപരമായ അവഗാഹം സൃഷ്ടിക്കുകയും ചെയ്യുന്ന, മതവിധികൾ വിവരിക്കുകയും തിന്മകളിൽ നിന്ന് താക്കീത് നൽകുകയും ചെയ്യുന്ന, മുസ്‌ലിംകളോടുള്ള ഗുണകാംക്ഷ അടങ്ങുന്ന, അവരെ ഖുർആനും സുന്നത്തും മുറുകെ പിടിക്കുന്നതിലേക്ക് ക്ഷ

ണിക്കുന്ന, സച്ചരിതരായ മുൻഗാമികളുടെ (സലഫുകളുടെ) മാർഗത്തിലേക്ക് ക്ഷണിക്കുന്ന, അതിന് വിരുദ്ധമാകുന്ന പിഴച്ച വിശ്വാസചിന്താഗതികളെ ഉപേക്ഷിക്കാൻ ഓർമ്മപ്പെടുത്തുന്ന അനേകം ഗ്രന്ഥങ്ങളും സംസാരങ്ങളും ശൈഖവർകളുടേതായി ഉണ്ട്.

അനുഗൃഹീതമായ ഈ നാടിന്റെ മാർഗം ബോധ്യപ്പെടുത്തുന്ന ചുവടുവെപ്പുകളിൽ ഒന്നാണിതും. അല്ലാഹു ഈ നാടിന്റെ നായകരെ നേർവഴിയിലേക്ക് നയിക്കുകയും, എല്ലാ സഹായത്തിന്റെയും തൗഫീഖിന്റെയും പിന്തുണയുടെയും വാതിലുകൾ അവർക്കായി തുറന്നു നൽകുകയും ചെയ്യട്ടെ. ഗ്രന്ഥകാരന് അല്ലാഹു ഉന്നതമായ പ്രതിഫലം നൽകുകയും ചെയ്യട്ടെ. (ആമീൻ)

ഈ ഗ്രന്ഥം വായനക്കാർക്കും കേൾവിക്കാർക്കും പരിശോധന നടത്തുന്നവർക്കും ഉപയോഗപ്രദമാകട്ടെ എന്നും, നാമേവരെയും ഖുർആനും സുന്നത്തും മുറുകെ പിടിക്കുന്നതിലേക്ക് അല്ലാഹു നയിക്കട്ടെ എന്നും, പിശാചിന്റെ എല്ലാ ദുർബോധനങ്ങളിൽ നിന്നും വഴികളിൽ നിന്നും അവൻ നമ്മെ കാത്തുരക്ഷിക്കട്ടെ എന്നും അല്ലാഹുവിനോട് നാം തേടുന്നു. അവനാകുന്നു നേർവഴിയിലേക്ക് നയിക്കുന്നവൻ. അല്ലാഹുവിന്റെ ദൂതരുടെയും അവിടുത്തെ കുടുംബത്തിന്റെയും അനുചരന്മാരുടെയും മേൽ അവന്റെ സ്വലാത്തും സലാമും ഉണ്ടായിരിക്കുകയും ചെയ്യട്ടെ.

**അബ്ദുല്ലാഹി ബ്നു അബ്ദിൽ മുഹ്സിൻ അത്തുർകി**

മന്ത്രി, മതകാര്യ വകുപ്പ്

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി [1]

സർവ്വസ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്ന്. അവന്റെ ദൂതരിൽ അന്തിമനായ മുഹമ്മദ് നബി -ﷺ- യുടെ കുടുംബത്തിലും ബന്ധുമിത്രാദികളിലും അളവറ്റ കരുണാകടാക്ഷങ്ങൾ വർഷിക്കുമാറാകട്ടെ.

സിഹ്റിലൂടെയും (മാരണം) ജ്യോത്സ്യത്തിലൂടെയും അസുഖങ്ങൾ മാറ്റിത്തരാമെന്ന വാഗ്ദാനം നൽകി, ചികിത്സയുടെ പേരിൽ ജനങ്ങളെ വഞ്ചിക്കുന്ന മാരണക്കാരും മന്ത്രവാദികളും അധികരിച്ചിരിക്കുന്നു. പല നാടുകളിലും ഇവരെ കൊണ്ടുള്ള ശല്യമുണ്ട്. ജനങ്ങളിൽ വിവരമില്ലാത്ത പാമരജനങ്ങളെ ഇക്കൂട്ടർ നിരന്തരമായി വഴിതെറ്റിക്കുന്ന വാർത്തകൾ അധികരിക്കുന്ന ഈ സന്ദർഭത്തിൽ അല്ലാഹുവിനോടും അവന്റെ ദാസന്മാരോടുമുള്ള ഗുണകാംക്ഷയുടെ ഭാഗമായി ഈ വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുത്താനും, ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കും ഇത് സൃഷ്ടിക്കുന്ന പ്രശ്നത്തിന്റെ വ്യാപ്തി വിവരിക്കാനും വേണ്ടി ഒരു വിശദീകരണം നൽകേണ്ടതുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അല്ലാഹുവല്ലാത്തവരോടുള്ള ഭരമേൽപ്പിക്കലിന്റെ ഭാഗമാണ് ഇത്തരം പ്രവർത്തികൾ എന്നും, അതിലൂടെ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കൽപ്പനകൾക്ക് വിരുദ്ധം പ്രവർത്തിക്കുകയാണ് തങ്ങളെന്നും ജനങ്ങൾ തിരിച്ചറിയേണ്ടതുണ്ട്.

അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ട് ഞാൻ ആരംഭിക്കട്ടെ: ചികിത്സ തേടുക എന്നത് ഇസ്‌ലാമിൽ അനുവദനീയമാണ്. ശരീരവുമായി ബന്ധപ്പെട്ട മുറിവുകളോ, ഞരമ്പുകളോ, ശരീരത്തിന്റെ ഉൾഭാഗമോ മറ്റോ പരിശോധിക്കുന്ന ഡോക്ടർമാരെ സമീപിക്കാൻ മുസ്‌ലിമിന് അനുവാദമുണ്ട്. തന്റെ രോഗം പരിശോധിക്കാനും, ഇസ്‌ലാമിൽ അനുവദിക്കപ്പെട്ട ചികിത്സാ മാർഗങ്ങൾ കൊണ്ട് അവന് വേണ്ട ചികിത്സ നൽകാനും വൈദ്യം പഠിച്ച ഡോക്ടർമാർക്ക് സാധിക്കും. ഭൗതികമായ ഇത്തരം കാരണങ്ങൾ സ്വീകരിക്കുക എന്നത് ഒരിക്കലും അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിന് എതിരല്ല.

മറിച്ച് അല്ലാഹു തന്നെയാണ് രോഗവും അതിനുള്ള മരുന്നും ഇറക്കിയിട്ടുള്ളത് എന്ന് അവൻ അറിയിച്ചിട്ടുണ്ട്. ജനങ്ങളിൽ ചിലർക്ക് ഈ മരുന്നുകൾ മനസ്സിലാ

---

[1] ഈ ലേഖനത്തിന്റെ ഒരു ഭാഗം ശൈഖ് ഇബ്നു ബാസിന്റെ ഗ്രന്ഥ സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ പൂർണ്ണരൂപം മതകാര്യ വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. മജല്ലതുൽ ബുഹൂഥിൽ ഇസ്ലാമിയ്യഃയിലും മജല്ലത്തുൽ യമാമയിലും ഈ ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

കുമെങ്കിൽ മറ്റു ചിലർക്ക് അത് അജ്ഞാതമായിരിക്കും; (അറിവുള്ള വൈദ്യന്മാരോട് അത് ചോദിച്ചറിയുന്നതിൽ തെറ്റില്ല). എന്നാൽ പ്രത്യേകം ശ്രദ്ധിക്കുക; അല്ലാഹു നിഷിദ്ധമാക്കിയ ഒരു കാര്യത്തിലും അവൻ യാതൊരു രോഗത്തിനുമുള്ള ശമനമോ മരുന്നോ നിശ്ചയിച്ചിട്ടില്ല.

തങ്ങൾക്ക് ഭാവി അറിയാം എന്ന് വാദിക്കുന്ന ജ്യോത്സ്യന്മാരുടെ അരികിൽ ചെല്ലുകയും, തന്റെ രോഗം അറിയാൻ വേണ്ടി ശ്രമിക്കുകയും ചെയ്യുക എന്നത് ഇതിനാൽ തന്നെ ഒരു മുസ്‌ലിമിന് അനുവദനീയമല്ല. അവർ പറഞ്ഞു കൊടുക്കുന്ന കാര്യങ്ങൾ വിശ്വസിക്കുവാനും പാടില്ല.

കാരണം ഊഹങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത്തരം മന്ത്രവാദികൾ സംസാരിക്കുന്നത്. അതുമല്ലെങ്കിൽ ജിന്നുകളുടെ സഹായത്തോടെയാണ് ഇവർ തങ്ങളുടെ ചില ഉദ്ദേശ്യങ്ങൾ നടത്തിയെടുക്കുന്നത്. തങ്ങൾക്ക് അദൃശ്യം അറിയാം എന്ന് വാദിക്കുന്നുണ്ട് എങ്കിൽ ഇക്കൂട്ടർ നിഷേധികളായ തനി കാഫിറുകളും, അങ്ങേയറ്റം വഴികേടിലായവരുമാണ് എന്നതിൽ സംശയമില്ല.

ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ഉദ്ധരിച്ച ഒരു ഹദീഥ് ഇപ്രകാരമാണ്: നബി -ﷺ- പറഞ്ഞു: "ആരെങ്കിലും കണക്കുനോട്ടക്കാരനെ സമീപിക്കുകയും അവനോട് വല്ല പ്രശ്നത്തിനും പരിഹാരം ചോദിക്കുകയും ചെയ്താൽ അയാളുടെ നാൽപ്പത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല."

അബൂഹുറയ്റ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ആരെങ്കിലും, ഒരു ജ്യോത്സ്യനെ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ നിശ്ചയം, അയാൾ മുഹമ്മദ് നബി (ﷺ) ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു." (അബൂദാവൂദ്, തിർമിദി, നസാഈ, ഇബ്നു മാജഃ, ഹദീഥ് സ്വഹീഹ് ആണെന്ന് ഇമാം ഹാകിം വിലയിരുത്തിയിരിക്കുന്നു. പ്രസ്തുത ഹദീഥിലെ പദങ്ങൾ ഇപ്രകാരമാണ്): "ആരെങ്കിലും, ഒരു ജ്യോത്സ്യനെയോ മറഞ്ഞത് അറിയാം എന്ന് വാദിക്കുന്നവനെയോ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ നിശ്ചയം, അയാൾ മുഹമ്മദ് നബി (ﷺ) ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു."

ഇംറാൻ ബ്നു ഹുസ്വൈൻ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ശകുനം നോക്കുന്നവനോ ശകുനം നോക്കിപ്പിച്ചവനോ, ജ്യോത്സ്യം നടത്തുന്നവനോ ജ്യോത്സ്യം നടത്തിക്കുന്നവനോ, മാരണം ചെയ്യുന്നവനോ മാരണം ചെയ്യിപ്പിക്കുന്നവനോ നമ്മിൽ പെട്ടവനല്ല. ആരെങ്കിലും ഒരു ജ്യോത്സ്യന്റെ അരികിൽ പോവുക

യും, അവൻ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ മുഹമ്മദ് നബി -ﷺ- യുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചിരിക്കുന്നു." (ബസ്സാർ)

ഈ പറയപ്പെട്ട ഹദീഥുകളെല്ലാം ജ്യോത്സ്യന്മാരുടെയും മാരണക്കാരുടെയും അവരെ പോലുള്ളവരുടെയും അടുക്കൽ പോകുന്നതിൽ നിന്നും, അവരോട് കാര്യങ്ങൾ ചോദിച്ചറിയുന്നതിൽ നിന്നും, അവർ പറയുന്നത് വിശ്വസിക്കുന്നതിൽ നിന്നും താക്കീത് ചെയ്യുന്ന ഹദീഥുകളാണ്.

അതിനാൽ ഇസ്ലാമിക രാജ്യത്തെ ഭരണാധികാരികളും, അവർ നിശ്ചയിച്ചിട്ടുള്ള നിയമപാലകരും, തിന്മകൾ എടുത്തു മാറ്റാൻ കഴിവുള്ളവരും ജ്യോത്സ്യന്മാരുടെയും മാരണക്കാരുടെയും അടുക്കൽ പോകുന്നതിൽ നിന്ന് ജനങ്ങളെ താക്കീത് ചെയ്യേണ്ടത് നിർബന്ധമാണ്. ഇത്തരം കാര്യങ്ങൾ അങ്ങാടികളിലോ മറ്റോ വെച്ച് നടമാടുന്നുണ്ടെങ്കിൽ അതിനെതിരെ ശക്തമായി പ്രതികരിക്കുകയും, അവരുടെ അരികിൽ വരുന്നവർക്ക് ശക്തമായ താക്കീത് നൽകുകയും ചെയ്യേണ്ടതുണ്ട്.

ജ്യോത്സ്യന്മാർ പറയുന്ന കാര്യങ്ങൾ ചിലപ്പോഴെല്ലാം സത്യമായി വരുന്നുണ്ട് എന്നതാണ് ഇവരെ വിശ്വസിക്കാൻ ജനങ്ങളിൽ ചിലർ പറയാറുള്ള ന്യായം. അതല്ലെങ്കിൽ ജനങ്ങൾ ധാരാളം പേർ ഇവരുടെയെല്ലാം അടുത്തു വരുന്നുണ്ടല്ലോ എന്നതായിരിക്കും പലർക്കും ഇവരെ ന്യായീകരിക്കാനുള്ള തെളിവ്. എന്നാൽ ഇതൊന്നും ഒരാളെ വഞ്ചനയിൽ പെടുത്തരുത്. കാരണം നബി -ﷺ- ഇത്തരക്കാരുടെ അരികിൽ പോകുന്നതും അവരോട് ചോദിക്കുന്നതും അവരെ വിശ്വസിക്കുന്നതും ശക്തമായി വിലക്കിയിട്ടുണ്ട്. ഈ തിന്മ വളരെ അപകടകരമാണെന്നതിനാലും, അതു കൊണ്ട് സംഭവിക്കുന്ന പ്രത്യാഘാതങ്ങൾ വളരെ ഗുരുതരമാണെന്നതിനാലുമാണ് അവിടുന്ന് അപ്രകാരം ചെയ്തത്.

അതോടൊപ്പം ഈ മാരണക്കാർ മഹാമ്ലേഛരും കൊടുംകള്ളന്മാരുമാണ്. മാരണക്കാരനും ജ്യോത്സ്യനും കാഫിറാണ് എന്ന സൂചനയും മേലെ പറഞ്ഞ ഹദീഥുകളിലുണ്ട്. കാരണം ഇവർ രണ്ടു പേരും തങ്ങൾക്ക് അദൃശ്യങ്ങൾ അറിയുമെന്ന് വാദിക്കുന്നവരാണ്; അതാകട്ടെ അല്ലാഹുവിലുള്ള നിഷേധവുമാണ്. ജിന്നുകളെ സേവിച്ചു കൊണ്ടും, അവരെ ആരാധിച്ചു കൊണ്ടുമല്ലാതെ ജിന്നുകളിൽ നിന്നുള്ള സഹായങ്ങൾ നേടിയെടുക്കാൻ അവർക്ക് സാധ്യവുമല്ല. അതും അല്ലാഹുവിലുള്ള നിഷേധവും ബഹുദൈവാരാധനയും (ശിർക്) ആണ്. അദൃശ്യം അറിയാമെന്ന് വാദിക്കുന്നവരെ സത്യപ്പെടുത്തുന്നവരുടെ അവസ്ഥ ജ്യോത്സ്യന്മാരുടേതിന് സമാനം തന്നെ.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

ചുരുക്കത്തിൽ, ഈ പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെടുന്നവരിൽ നിന്നെല്ലാം അല്ലാഹുവിന്റെ റസൂൽ -ﷺ- ബന്ധവിഛേദനം പ്രഖ്യാപിച്ചിരിക്കുന്നു. മാരണക്കാർ ചികിത്സയായി പറയുന്ന കാര്യങ്ങൾ അംഗീകരിക്കുക എന്നത് ഒരു മുസ്ലിമിന് അനുവദനീയമല്ല. ചില ദുർമന്ത്രങ്ങൾ പിറുപിറുക്കുകയോ, ഈയം ഉരുക്കി ഒഴിക്കുകയോ മറ്റെന്തെങ്കിലും അന്ധവിശ്വാസങ്ങൾ ചെയ്യാൻ പറയുകയോ ആണ് ഇത്തരക്കാർ പൊതുവെ ചെയ്യാറുള്ളത്. ഇതെല്ലാം തന്നെ ജ്യോത്സ്യത്തിന്റെ ഭാഗവും, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കലുമാണ്.

ആരെങ്കിലും ഈ കാര്യങ്ങളിൽ അവരെ തൃപ്തിപ്പെടുന്നു എങ്കിൽ അവരുടെ നിഷേധവും (കുഫ്ർ) നിരർത്ഥകതയും നിറവേറ്റാൻ അക്കൂട്ടരെ സഹായിക്കുകയാണ് അവർ ചെയ്യുന്നത്. മാരണക്കാരുടെ അരികിലേക്ക് പോവുകയോ, അവരോട് തന്റെ മകനെയോ ബന്ധുവിനെയോ വിവാഹം കഴിക്കാൻ പോകുന്ന വ്യക്തിയെ കുറിച്ച് ചോദിച്ചറിയുകയോ, ദാമ്പത്യബന്ധം സുഖകരമായിരിക്കുമോ അല്ല മോശമായിരിക്കുമോ എന്ന് ഗണിച്ചു നോക്കുകയോ ചെയ്യാനും ഒരു മുസ്ലിമിന് അനുവാദമില്ല.

ഈ പറഞ്ഞതെല്ലാം അല്ലാഹുവല്ലാത്ത മറ്റാർക്കും അറിയാത്ത ഗൈബിയ്യായ (അദൃശ്യ) കാര്യങ്ങളിൽ പെട്ടതാണ്.

മാരണം എന്ന പ്രവർത്തി തനിച്ച കുഫ്റൻ പ്രവർത്തിയാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ രണ്ട് മലക്കുകളുടെ ചരിത്രം വിവരിച്ചു കൊണ്ട് പറഞ്ഞതു നോക്കൂ:

“എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) കുഫ്ർ ചെയ്യരുത് എന്ന് അവർ പറഞ്ഞുകൊടുക്കാതിരുന്നില്ല. അങ്ങനെ അവരിൽ നിന്ന് ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്ക് തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചു കൊണ്ടിരുന്നത്. അത് (ആ വിദ്യ) ആര് വാങ്ങി (കൈവശപ്പെടുത്തി) യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വില വളരെ ചീത്ത തന്നെ. അവർക്ക് വിവരമുണ്ടായിരുന്നെങ്കിൽ!” (ബഖറ: 102)

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

സിഹ്ർ (മാരണം) ഇസ്‌ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകുന്ന കുഫ്‌റാണെന്നും, ഭാര്യാഭർത്താക്കന്മാർക്കിടയിൽ മാരണക്കാർ ബന്ധം പിരിക്കുമെന്നും ഈ വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. അതോടൊപ്പം, മാരണത്തിന് സ്വയം ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയില്ലെന്നും, അല്ലാഹുവിന്റെ പ്രാപഞ്ചികമായ തീരുമാനപ്രകാരം മാത്രമേ അതിന് സ്വാധീനം ചെലുത്താൻ സാധിക്കുകയുള്ളൂ എന്നും അതോടൊപ്പം ഈ വചനങ്ങൾ മനസ്സിലാക്കിത്തരുന്നു. കാരണം അല്ലാഹുവാകുന്നു നന്മയെയും തിന്മയെയും സൃഷ്ടിച്ചത്.

ബഹുദൈവാരാധകരിൽ നിന്ന് തലമുറയായി കൈമാറി വന്ന മാരണവുമായി ബന്ധപ്പെട്ട വിജ്ഞാനങ്ങൾ സൃഷ്ടിക്കുന്ന കുഴപ്പം ഏറെ വലുതാണ്. ജനങ്ങളിൽ ബുദ്ധിശേഷി കുറഞ്ഞവരെ ഇതു കൊണ്ട് വഞ്ചിക്കാൻ എളുപ്പം സാധിക്കും. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അല്ലാഹുവിൽ നാം ഭരമേൽപ്പിച്ചിരിക്കുന്നു; കാര്യങ്ങൾ ഭരമേൽപ്പിക്കാൻ അവൻ എത്ര നല്ലവനാണ്.

സിഹ്ർ പഠിച്ചെടുക്കുന്നവർ തങ്ങൾക്ക് ഉപദ്രവകരമായ, ഒരു ഉപകാരവും നൽകാത്ത കാര്യം മാത്രമാണ് പഠിച്ചെടുക്കുന്നത് എന്നതിനുള്ള തെളിവ് കൂടിയാണ് മേൽ വചനം. അല്ലാഹുവിങ്കൽ ഇക്കൂട്ടർക്ക് യാതൊരു സ്ഥാനമോ പദവിയോ ഉണ്ടായിരിക്കുന്നതല്ല. മാരണം പഠിച്ചവർക്ക് ഉണ്ടാകുന്ന ഇഹപരലോകങ്ങളിലെ നഷ്ടത്തിന്റെ വ്യാപ്തി ബോധ്യപ്പെടുത്തുന്ന വാക്കുകളാണതെല്ലാം. തങ്ങളുടെ ആത്മാക്കളെ ഏറ്റവും കുറഞ്ഞ വിലക്ക് അവർ വിറ്റു കളഞ്ഞിരിക്കുന്നു.

അല്ലാഹു അവരെ ആക്ഷേപിച്ചു കൊണ്ട് പറയുന്നു: “അവരുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വില വളരെ ചീത്ത തന്നെ. അവർക്ക് വിവരമുണ്ടായിരുന്നെങ്കിൽ.” (ബഖറ: 102) [1]

മാരണക്കാരുടെയും ജ്യോത്സ്യന്മാരുടെയും എല്ലാ മന്ത്രവാദികളുടെയും ഉപദ്രവങ്ങളിൽ നിന്ന് നമ്മെ കാത്തുരക്ഷിക്കാൻ അല്ലാഹുവിനോട് നാം തേടുന്നു. ഇക്കൂട്ടരുടെ ഉപദ്രവങ്ങളിൽ നിന്ന് അല്ലാഹു മുസ്‌ലിംകളെ കാത്തുരക്ഷിക്കട്ടെ! മുസ്‌ലിം ഭരണാധികാരികൾക്ക് ഇവരിൽ നിന്ന് താക്കീത് നൽകാനും അല്ലാഹുവിന്റെ വിധി അവരുടെ കാര്യത്തിൽ നടപ്പിലാക്കാനും അല്ലാഹു തൗഫീഖ് ചെയ്യട്ടെ. ഇത്തരക്കാരുടെ ഉപദ്രവങ്ങളിൽ നിന്നും മ്ലേഛവൃത്തികളിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം ലഭിക്കാൻ അതല്ലാതെ വഴിയില്ല.

---

[1] ഇവിടെ വാങ്ങുക എന്നർത്ഥമുള്ള ശിറാഅ് (شـراء) എന്ന പദമാണ് പ്രയോ ഗിച്ചിട്ടുള്ളത് എങ്കിലും ഉദ്ദേശ്യം വിൽക്കുക എന്നതാണ്.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

സിഹ്ർ ബാധിക്കുന്നതിന് മുൻപ് അതിൽ നിന്ന് പ്രതിരോധം സ്വീകരിക്കാനുള്ള വഴിയും, സിഹ്ർ ബാധിച്ചവർക്ക് അതിന്റെ പ്രയാസം നീക്കാനുള്ള ചികിത്സാവിധികളും അല്ലാഹു വിവരിച്ചു തന്നിട്ടുണ്ട്. തന്റെ അടിമകളോടുള്ള അവന്റെ കാരുണ്യവും നന്മയും, അവർക്ക് തന്റെ അനുഗ്രഹം അവൻ പൂർത്തീകരിച്ചു നൽകിയ വഴിയുമാണത്.

സിഹ്റിന്റെ ഉപദ്രവം തടുക്കാൻ സഹായകമാകുന്ന കാര്യങ്ങളും, സിഹ്ർ ബാധിച്ചാൽ അത് ഒഴിവാക്കാൻ സഹായകമായ കാര്യങ്ങളും താഴെ വിവരിക്കാം.

മാരണം സംഭവിക്കുന്നതിന് മുൻപ് അത് തടുക്കാൻ സഹായിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇസ്‌ലാമിൽ പഠിപ്പിക്കപ്പെട്ട ദിക്റുകളും പ്രാർത്ഥനകളും മന്ത്രങ്ങളും സ്ഥിരമായി ചൊല്ലിക്കൊണ്ട് സുരക്ഷിതനാവുക എന്നതാണ്. എല്ലാ നിർബന്ധ നിസ്കാരങ്ങളിലും സലാം വീട്ടിയ ശേഷമുള്ള ദിക്റുകൾ ചൊല്ലുക. ഉറക്കത്തിന്റെ സന്ദർഭത്തിൽ പഠിപ്പിക്കപ്പെട്ട ദിക്റുകളും ഇതു പോലെ സ്ഥിരമാക്കുക.

പ്രത്യേകിച്ച് വിശുദ്ധ ഖുർആനിലെ ഏറ്റവും മഹത്തരമായ വചനമായ ആയത്തുൽ കുർസിയ്യ്. പ്രസ്തുത വചനം ഇപ്രകാരമാണ്:

“അല്ലാഹു - അവനല്ലാതെ ആരാധനക്കർഹനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല . അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവനറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ കുർസിയ്യ് (പാദപീഠം) ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.” (ബഖറ: 255)

സൂറതുൽ ഇഖ്‌ലാസ് (അദ്ധ്യായം 112), സൂറത്തുൽ ഫലഖ് (അദ്ധ്യായം 113), സൂറത്തുന്നാസ് (അദ്ധ്യായം 114) എന്നീ അദ്ധ്യായങ്ങളും ഇതു പോലെത്തന്നെ. ഇവയെല്ലാം ഓരോ നിർബന്ധ നിസ്കാരങ്ങൾക്കും ശേഷം പാരായണം ചെയ്യാം . അതോടൊപ്പം രാവിലെയും വൈകുന്നേരവും, മഗ്‌രിബിന് ശേഷം രാത്രിയുടെ ആദ്യസമയത്തും ഫജ്റിന് ശേഷം പകലിന്റെ ആദ്യത്തിലും, ഉറങ്ങാൻ കിടക്കുമ്പോഴും ഈ മൂന്നു അദ്ധ്യായങ്ങളും മൂന്നു തവണ പാരായണം ചെയ്യാം.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

സൂറത്തുൽ ബഖറയുടെ അവസാനത്തെ രണ്ട് ആയത്തുകൾ പകലിന്റെ ആദ്യത്തിൽ പാരായണം ചെയ്യുന്നതും ഈ ദിക്റുകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത വചനം ഇപ്രകാരമാണ്:

"അല്ലാഹുവിൽ നിന്ന് തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും (അതിൽ വിശ്വസിച്ചിരിക്കുന്നു). അവരെല്ലാം അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ വേദഗ്രന്ഥങ്ങളിലും, അവന്റെ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കല്പിക്കുന്നില്ല. (എന്നതാണ് അവരുടെ നിലപാട്.) അവർ പറയുകയും ചെയ്തു: ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ റബ്ബേ! ഞങ്ങൾ നിന്നോട് പൊറുക്കൽ ചോദിക്കുന്നു. നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം." (ബഖറ: 285) ഈ ആയത്തിന് ശേഷം സൂറത്തുൽ ബഖറ അവസാനിക്കുന്നത് വരെ പാരായണം ചെയ്യുക.

നബി -ﷺ- പറഞ്ഞതായി ഇപ്രകാരം സ്ഥിരപ്പെട്ടിരിക്കുന്നു: "ആരെങ്കിലും രാത്രിയിൽ ആയത്തുൽ കുർസിയ്യ് പാരായണം ചെയ്താൽ നേരം പുലരുന്നത് വരെ അല്ലാഹുവിൽ നിന്നുള്ള ഒരു സംരക്ഷകൻ അവന്റെ മേൽ ഉണ്ടായിരിക്കും; ഒരു പിശാചും അവനെ സമീപിക്കുകയുമില്ല."

അവിടുന്ന് പറഞ്ഞ മറ്റൊരു ഹദീഥ് ഇപ്രകാരമാണ്: "ആരെങ്കിലും സൂറത്തുൽ ബഖറയിലെ അവസാനത്തെ രണ്ട് ആയത്തുകൾ രാത്രിയിൽ പാരായണം ചെയ്താൽ അവന് അവ മതിയാകുന്നതാണ്."

'അവന് അവ മതിയാകുന്നതാണ്' എന്നതിന്റെ അർത്ഥം എല്ലാ ഉപദ്രവങ്ങളിൽ നിന്നും അവനത് മതിയാകും എന്നാണ്; വല്ലാഹു അഅ്ലം (അല്ലാഹുവിനാണ് കൂടുതൽ അറിയുക).

രാത്രിയും പകലും അധികരിപ്പിക്കേണ്ട മറ്റൊരു പ്രാർത്ഥന ഇപ്രകാരമാണ്: "(സാരം) അല്ലാഹുവിന്റെ പരിപൂർണ്ണമായ വചനങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ച സർവ്വതിന്റെയും ഉപദ്രവങ്ങളിൽ നിന്ന് ഞാൻ രക്ഷ ചോദിക്കുന്നു."

ഏതെങ്കിലും നാട്ടിലോ വിജനപ്രദേശത്തോ സമുദ്രത്തിലോ വിമാനത്തിലോ ഉള്ള ഇടങ്ങളിൽ ഇറങ്ങിയാൽ ഈ പ്രാർത്ഥന ചൊല്ലണം. രാവും പകലുമെല്ലാം ഈ ദുആ അധികരിപ്പിക്കാം. കാരണം നബി -ﷺ- പറഞ്ഞിരിക്കുന്നു: "ആരെങ്കിലും വല്ല സ്ഥലത്തും വന്നിറങ്ങി അവൻ أَعُوذُ بِكَلِمَاتِ اللهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ (അല്ലാഹു സൃഷ്ടിച്ചവയുടെ കെടുതികളിൽ നിന്ന് അവന്റെ പരിപൂർണ്ണ വചനങ്ങൾ മുഖേന ഞാൻ അഭ

യം തേടുന്നു.) എന്നു പറഞ്ഞാൽ. താൻ ഇറങ്ങിയ സ്ഥലത്തുനിന്ന് യാത്രയാകുന്നതുവരെ ഒന്നും തന്നെ അവന് യാതൊരുവിധ ഉപദ്രവവും വരുത്തുകയില്ല."

രാത്രിയും പകലും മൂന്നു തവണ ചൊല്ലേണ്ട മറ്റൊരു ദിക്ർ ഇപ്രകാരമാണ്:

"അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ രക്ഷതേടുന്നു). ഭൂമിയിലോ ആകാശത്തിലോ ഉള്ള യാതൊന്നും തന്നെ അവന്റെ നാമത്തോടൊപ്പം ഉപദ്രവിക്കുകയില്ല. അവൻ എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു."

എല്ലാ ഉപദ്രവങ്ങളിൽ നിന്നും രക്ഷ നൽകുന്ന പ്രാർത്ഥനയാണിത് എന്നാണ് നബി -ﷺ- ഈ ദിക്ർ ചൊല്ലാൻ പ്രേരിപ്പിച്ചു കൊണ്ട് നമ്മെ ഉണർത്തിയത്. ഈ പറയപ്പെട്ട ദിക്റുകളും മന്ത്രങ്ങളുമെല്ലാം സിഹ്റിന്റെയും മറ്റും ഉപദ്രവങ്ങളിൽ നിന്ന് ഒരാളെ സംരക്ഷിക്കാൻ കാരണമാണ്. എന്നാൽ ഈ ദിക്റുകൾ സ്ഥിരമാക്കുകയും, ഉറച്ച വിശ്വാസത്തോടെയും അല്ലാഹുവിലുള്ള ദൃഢബോധ്യത്തോടെയും അവന്റെ മേൽ ഭരമേൽപ്പിച്ചു കൊണ്ടും വിശാലമായ മനസ്സോടെ ഈ പ്രാർത്ഥനകൾ അർത്ഥമറിഞ്ഞ് ചൊല്ലാൻ പ്രത്യേക ശ്രദ്ധ വെക്കേണ്ടതുണ്ട്. സിഹ്ർ ബാധിച്ചാൽ പോലും അതിന്റെ ഉപദ്രവങ്ങൾ നീക്കാൻ സഹായകമായ വഴികളിൽ പെട്ടതാണ് ഈ ദിക്റുകൾ.

അതിനോടൊപ്പം അല്ലാഹുവിലേക്ക് വിനയാന്വിതനായി മടങ്ങുകയും, അവനോട് തന്നെ ബാധിച്ച ഉപദ്രവം നീക്കിത്തരുവാനായി ആവർത്തിച്ചു പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ടിരിക്കുക.

സിഹ്റും അതല്ലാത്ത മറ്റു രോഗങ്ങളും ചികിത്സിക്കുന്നതിനായി നബി -ﷺ- പഠിപ്പിച്ചു തന്ന, തന്റെ സ്വഹാബികളെ മന്ത്രിക്കുമ്പോൾ അവിടുന്ന് പറയാറുണ്ടായിരുന്ന ചില ദിക്റുകളുണ്ട്; അതിൽ പെട്ടതാണ്:

"അല്ലാഹുവേ! ജനങ്ങളുടെ രക്ഷിതാവേ! നീ കുഴപ്പം നീക്കേണമേ! രോഗത്തിന് നീ ശമനം നൽകുകയും ചെയ്യേണമേ! നീയാകുന്നു സർവ്വതും സുഖപ്പെടുത്തുന്നവനായ ശാഫീ. നിന്റെ ശമനമല്ലാതെ മറ്റൊരു ശമനവുമില്ല. ഒരു പ്രയാസവും ബാക്കിനിർത്താത്ത ശമനം നൽകേണമേ!"

ഈ പ്രാർത്ഥന മൂന്ന് തവണ ചൊല്ലുക. ജിബ്രീൽ -عَلَيْهِ السَّلَامُ- നബി -ﷺ- യെ മന്ത്രിച്ചപ്പോൾ ചൊല്ലിയ പ്രാർത്ഥനയും ഈ പറഞ്ഞതിൽ ഉൾപ്പെടും. അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കളെ മന്ത്രിക്കുന്നു; താങ്കളെ പ്രയാസപ്പെടുത്തുന്ന എല്ലാ കാര്യത്തിൽ നിന്നും, എല്ലാ ആത്മാവിന്റെയും ഉപദ്രവ

ത്തിൽ നിന്നും, അസൂയക്കാരന്റെ കണ്ണേറിൽ നിന്നും. അല്ലാഹു താങ്കൾക്ക് ശമനം നൽകട്ടെ! അല്ലാഹുവിന്റെ നാമത്തിൽ ഞാൻ താങ്കളെ മന്ത്രിക്കുന്നു." ഈ പ്രാർത്ഥനയും മൂന്നു തവണ ആവർത്തിക്കാം.

സിഹ്ർ സംഭവിച്ചതിന് ശേഷം ചെയ്യാവുന്ന ഉപകാരപ്രദമായ മറ്റൊരു ചികിത്സയുണ്ട്; ഒരാൾക്ക് തന്റെ ഭാര്യയുമായി ബന്ധപ്പെടാൻ സാധിക്കാത്ത വിധത്തിലുള്ള സിഹ്ർ ബാധിച്ചാൽ അവൻ ഏഴ് സിദ്റിന്റെ പച്ചയിലകൾ എടുക്കുകയും, ശേഷം കല്ലു കൊണ്ടോ മറ്റോ അത് ചതക്കുകയും, ഒരു പാത്രത്തിൽ അത് വെച്ചതിന് ശേഷം അതിന് മേൽ അവന് കുളിക്കാൻ ആവശ്യമായത്ര വെള്ളമൊഴിക്കുകയും, ഈ വെള്ളത്തിൽ ആയതുൽ കുർസിയ്യ്, സൂറത്തുൽ കാഫിറൂൻ (അദ്ധ്യായം 110), സൂറത്തുൽ ഇഖ്ലാസ് (അദ്ധ്യായം 112), സൂറത്തുൽ ഫലഖ് (അദ്ധ്യായം 1 13), സൂറത്തുന്നാസ് (അദ്ധ്യായം 114) എന്നീ അദ്ധ്യായങ്ങൾ ഓതുകയും ചെയ്യുക. സൂറത്തുൽ അഅ്റാഫിലുള്ള ആയത്തുസ്സിഹ്റും ശേഷം ഓതുക.

പ്രസ്തുത ആയത്ത് ഇപ്രകാരമാണ്: "മൂസായ്ക്ക് നാം ബോധനം നല്കി; നീ നിന്റെ വടി ഇട്ടേക്കുക എന്ന്.അപ്പോൾ ആ വടിയതാ അവർ കൃത്രിമമായി ഉണ്ടാക്കിയതിനെ വിഴുങ്ങുന്നു. അങ്ങനെ സത്യം സ്ഥിരപ്പെടുകയും, അവർ പ്രവർത്തിച്ചിരുന്നതെല്ലാം നിഷ്ഫലമാകുകയും ചെയ്തു അങ്ങനെ അവിടെ വെച്ച് അവർ പരാജയപ്പെടുകയും, അവർ നിസ്സാരന്മാരായി മാറുകയും ചെയ്തു." (അഅ്റാഫ്: 117-119)

സൂറത്തുൽ യൂനുസിലുള്ള താഴെ നൽകിയ ആയത്തുകളും ഓതുക: "ഫിർഔൻ പറഞ്ഞു: എല്ലാ വിവരമുള്ള ജാലവിദ്യക്കാരെയും നിങ്ങൾ എന്റെ അടുക്കൽ കൊണ്ട് വരൂ. അങ്ങനെ ജാലവിദ്യക്കാർ വന്നപ്പോൾ മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് ഇടാനുള്ളതല്ലാം ഇട്ടേക്കൂ. അങ്ങനെ അവർ ഇട്ടപ്പോൾ മൂസാ പറഞ്ഞു: നിങ്ങൾ ഈ അവതരിപ്പിച്ചത് ജാലവിദ്യയാകുന്നു. തീർച്ചയായും അല്ലാഹു അതിനെ പൊളിച്ചു കളയുന്നതാണ്. കുഴപ്പമുണ്ടാക്കുന്നവരുടെ പ്രവർത്തനം അല്ലാഹു ഫലവത്താക്കിത്തീർക്കുകയില്ല; തീർച്ച. സത്യത്തെ അവന്റെ വചനങ്ങളിലൂടെ അവൻ യാഥാർത്ഥ്യമാക്കിത്തീർക്കുന്നതാണ്. കുറ്റവാളികൾക്ക് അത് അനിഷ്ടകരമായാലും ശരി." (യൂനുസ്: 79-82)

സൂറത്തു ത്വാഹായിലുള്ള ആയത്തുകളും പാരായണം ചെയ്യുക: "അവർ (ജാലവിദ്യക്കാർ) പറഞ്ഞു: ഹേ; മൂസാ, ഒന്നുകിൽ നീ ഇടുക. അല്ലെങ്കിൽ ഞങ്ങളാകാം ആദ്യമായി ഇടുന്നവർ. അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങളിട്ട് കൊള്ളുക. അപ്പോഴതാ അവരുടെ ജാലവിദ്യ നിമിത്തം അവരുടെ കയറുകളും വടികളുമെല്ലാം ഓടുകയാ

ണെന്ന് അദ്ദേഹത്തിന് തോന്നുന്നു. അപ്പോൾ മൂസായ്ക്ക് തന്റെ മനസ്സിൽ ഒരു പേടി തോന്നി.

നാം പറഞ്ഞു: പേടിക്കേണ്ട. തീർച്ചയായും നീ തന്നെയാണ് കൂടുതൽ ഔന്നത്യം നേടുന്നവൻ. നിന്റെ വലതുകയ്യിലുള്ളത് (വടി) നീ ഇട്ടേക്കുക. അവർ ഉണ്ടാക്കിയതെല്ലാം അത് വിഴുങ്ങിക്കൊള്ളും. അവരുണ്ടാക്കിയത് ജാലവിദ്യക്കാരന്റെ തന്ത്രം മാത്രമാണ്. ജാലവിദ്യക്കാരന് എവിടെച്ചെന്നാലും വിജയിയാവുകയില്ല." (ത്വാഹാ: 65-69)

ഈ പറഞ്ഞ ദിക്റുകൾ ചൊല്ലിയ ശേഷം വെള്ളത്തിൽ ഊതുകയും, അതിൽ നിന്ന് മൂന്നു കോരൽ കുടിക്കുകയും ബാക്കിയുള്ള വെള്ളം കൊണ്ട് കുളിക്കുകയും ചെയ്താൽ രോഗം -അല്ലാഹുവിന്റെ അനുമതിയോടെ- നീങ്ങുന്നതാണ്. ഒന്നിലധികം തവണ ഈ ചികിത്സ സ്വീകരിക്കണം എന്ന് ഒരാൾക്ക് തോന്നുകയാണെങ്കിൽ -രോഗം നീങ്ങുന്നത് വരെ- അപ്രകാരം ചെയ്യുന്നതിൽ തെറ്റില്ല.

സിഹ്റിൽ നിന്ന് ശമനം നൽകുന്ന ഏറ്റവും ഉപകാരപ്രദമായ മറ്റൊരു വഴി കൂടിയുണ്ട്; ഒരാൾക്കെതിരെ സിഹ്ർ ചെയ്ത വസ്തു വെച്ച സ്ഥലമോ പർവ്വതമോ മറ്റോ തിരിച്ചറിയാൻ പരമാവധി ശ്രമിക്കുക എന്നതാണത്. ഈ സ്ഥലം കണ്ടെത്താൻ കഴിഞ്ഞാൽ അത് പുറത്തേക്കെടുക്കുകയും, അത് നശിപ്പിച്ചു കളയുകയും ചെയ്താൽ അതോടെ സിഹ്ർ അവസാനിക്കുന്നതാണ്.

സിഹ്ർ ചികിത്സിക്കാനും അതിൽ നിന്ന് പ്രതിരോധം സ്വീകരിക്കാനും സഹായകമായ ചില വഴികളാണ് ഇത്രയും പറഞ്ഞത്. അല്ലാഹുവാണ് എല്ലാ നന്മകളിലേക്കും വഴി കാണിക്കുന്നവൻ.

എന്നാൽ മാരണക്കാർ സിഹ്റിനുള്ള പരിഹാരമായി പറയുന്ന ചില വഴികളുണ്ട് ; ഉദാഹരണത്തിന് ജിന്നിന് വേണ്ടി ബലിയർപ്പിക്കുകയോ മറ്റെന്തെങ്കിലും പ്രവർത്തികൾ ചെയ്യുകയോ വേണമെന്ന് അവർ പറഞ്ഞേക്കാം. ഇതൊന്നും അനുവദനീയമല്ല. കാരണം ഇതെല്ലാം പൈശാചികമായ പ്രവർത്തികളിലാണ് പെടുക. അല്ല ! ഇസ്‌ലാമിൽ നിന്ന് പുറത്തു പോകാൻ കാരണമാകുന്ന വലിയ ശിർകിലാണ് ഇത്തരം പ്രവർത്തനങ്ങൾ എണ്ണപ്പെടുക. അതിനാൽ ഇങ്ങനെയുള്ള കാര്യങ്ങളെ കരുതിയിരിക്കുക എന്നത് നിർബന്ധമാണ്.

മാരണക്കാരോടോ മന്ത്രവാദികളോടോ മാരണത്തിന്റെ ചികിത്സയെ കുറിച്ച് ചോദിച്ചറിയുക എന്നത് തന്നെ അനുവദനീയമല്ല. അവർ പറയുന്ന ഒരു പ്രവർത്തിയും ചെയ്യരുത്; കാരണം ഇത്തരക്കാരെ വിശ്വസിക്കാൻ കഴിയില്ല. തങ്ങൾക്ക് മറഞ്ഞ കാര്യങ്ങൾ അറിയാം എന്ന് വാദിക്കുകയും, ജനങ്ങളെ ആശയക്കുഴപ്പങ്ങ

ളിൽ വീഴ്ത്തുകയും ചെയ്യുകയാണ് ഇവരുടെ പ്രധാന തൊഴിൽ. അല്ലാഹുവിന്റെ റസൂൽ -ﷺ- ഇത്തരക്കാരുടെ അടുത്ത് പോവുകയോ അവരോട് ചോദിക്കുകയോ അവർ പറയുന്നത് വിശ്വസിക്കുകയോ ചെയ്യുന്നത് ശക്തമായി വിലക്കിയിട്ടുണ്ട്. ഈ ലേഖനത്തിന്റെ ആരംഭത്തിൽ അക്കാര്യം നാം വിവരിച്ചിട്ടുണ്ട്.

സിഹ്റിന്റെ ചികിത്സയിൽ എണ്ണപ്പെടാറുള്ള നുശ്റഃയെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബി -ﷺ- ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ടിരിക്കുന്നു: "അത് (നുശ്റഃ) പിശാചിന്റെ പ്രവൃത്തികളിൽപ്പെട്ടതാണ്." (അഹ്മദ്, അബൂ ദാവൂദ്)

മാരണം ബാധിച്ച വ്യക്തിയിൽ നിന്ന് അത് നീക്കം ചെയ്യുന്ന പ്രവർത്തിക്കാണ് നുശ്റഃ എന്ന് പറയുക. ജാഹിലിയ്യഃ കാലഘട്ടത്തിൽ ജനങ്ങൾ ചെയ്തു വരാറുണ്ടായിരുന്ന ചികിത്സാ രീതികളെയാണ് നബി -ﷺ- നുശ്റഃ എന്ന വാക്കിലൂടെ ഉദ്ദേശിക്കുന്നത്. മാരണം നീക്കം ചെയ്യാൻ മാരണക്കാരനോട് തന്നെ വഴി ചോദിക്കുകയോ, തനിക്കെതിരെ ചെയ്യപ്പെട്ട മാരണത്തിന് തുല്യമായ മാരണത്തിലൂടെ അതിനെ തടുക്കാൻ ശ്രമിക്കുകയോ ചെയ്യുക എന്നതായിരുന്നു ജാഹിലിയ്യത്തിലെ രീതി.

എന്നാൽ ഇസ്ലാമിൽ പഠിപ്പിക്കപ്പെട്ട മന്ത്രങ്ങൾ (റുഖിയ ശർഇയ്യഃ) കൊണ്ടും, അനുവദനീയമായ മരുന്നുകൾ കൊണ്ടും സിഹ്ർ ചികിത്സിക്കുക എന്നത് അനുവദനീയമാണ് എന്ന് നാം മുൻപ് പറഞ്ഞു കഴിഞ്ഞു. ഇബ്നുൽ ഖയ്യിം, ഫത്ഹുൽ മജീദിന്റെ കർത്താവ് അബ്ദുൽ റഹ്മാൻ ബ്നു ഹസൻ എന്നീ പണ്ഡിതന്മാർ ഇക്കാര്യം ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. അവരല്ലാത്ത പണ്ഡിതന്മാരും ഇതേ കാര്യം വിവരിച്ചിട്ടുണ്ട്.

അല്ലാഹു എല്ലാ പ്രയാസങ്ങളിൽ നിന്നും മുസ്ലിംകളെ കാത്തുരക്ഷിക്കട്ടെ. അവരുടെ ദീനിനെ കൈവിടാതിരിക്കാൻ അവർക്ക് സംരക്ഷണം നൽകുകയും, മതവിഷയങ്ങളിൽ അവർക്ക് അവഗാഹം നൽകുകയും ചെയ്യട്ടെ. അല്ലാഹുവിന്റെ ദീനിന് വിരുദ്ധമാകുന്ന എല്ലാ കാര്യങ്ങളിൽ നിന്നും അവരെ അവൻ കാത്തുരക്ഷിക്കട്ടെ. നബി -ﷺ- യുടെ മേലും അവിടുത്തെ കുടുംബത്തിന് മേലും അവിടുത്തെ അനുചരന്മാർക്ക് മേലും അല്ലാഹുവിന്റെ സ്വലാത്തും സലാമും ഉണ്ടാകട്ടെ.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

### ഭാര്യ ഭർത്താവിനെതിരെ സിഹ്ർ ചെയ്താൽ. [1]

അബ്ദുൽ അസീസ് ഇബ്നു ബാസ് നൽകിയ മറുപടി: അസ്സലാമു അലൈക്കും.

നിങ്ങളുടെ കത്ത് എനിക്ക് ലഭിച്ചിരുന്നു. നിങ്ങളുടെ രണ്ടാം ഭാര്യയെ സമീപിക്കാൻ ശ്രമിക്കുമ്പോൾ നേരിടുന്ന പ്രയാസത്തെ കുറിച്ച് നിങ്ങൾ എഴുതിയ കാര്യം ഞാൻ വായിച്ചു കേൾക്കുകയുണ്ടായി. നിങ്ങൾ ഒരു പണ്ഡിതന്റെ അരികിൽ ചെന്നപ്പോൾ അദ്ദേഹം നൽകിയ മറുപടിയും, നിങ്ങളുടെ ആദ്യത്തെ ഭാര്യ നിങ്ങൾക്കെതിരെ സിഹ്ർ ചെയ്തിട്ടുണ്ട് എന്നും, അതിനാലാണ് രണ്ടാം ഭാര്യയുമായി ബന്ധപ്പെടാൻ നിങ്ങൾക്ക് സാധിക്കാത്തത് എന്നും അദ്ദേഹം പറഞ്ഞതായും ഞാൻ അറിഞ്ഞു. ഈ വിഷയത്തിലെ മതവിധി എന്താണ് എന്നതായിരുന്നല്ലോ താങ്കൾക്ക് അറിയേണ്ടിയിരുന്നത്.

ഉത്തരമായി ഞാൻ പറയട്ടെ: ആദ്യഭാര്യയാണ് സിഹ്ർ ചെയ്തത് എന്ന കാര്യം അവൾ സ്വയം അംഗീകരിക്കുകയോ, അക്കാര്യം തെളിവുകളോടെ സ്ഥിരപ്പെടുകയും ചെയ്തുവെങ്കിൽ അവൾ ചെയ്തിരിക്കുന്നത് അതിഗുരുതരമായ ഒരു തിന്മ തന്നെയാണെന്നതിൽ സംശയമില്ല. അല്ല! ഈ തിന്മ തനി കുഫ്റും വഴികേടുമാണ് എന്നതാണ് യാഥാർത്ഥ്യം. കാരണം നിഷിദ്ധമായ സിഹ്റിന്റെ പ്രവർത്തിയിലാണ് അവൾ ഏർപ്പെട്ടിരിക്കുന്നത്.

മാരണം ചെയ്യുന്നവർ കാഫിറാണെന്നതാണ് ഇസ്‌ലാമിക വിധി; അല്ലാഹുവിന്റെ ഖുർആനിലെ വചനമാണ് അതിനുള്ള തെളിവ്:

" സുലൈമാൻ നബിയുടെ രാജവാഴ്ചയുടെ (രഹസ്യമെന്ന) പേരിൽ പിശാചുക്കൾ പറഞ്ഞുപരത്തിക്കൊണ്ടിരുന്നത് അവർ (ഇസ്രായീല്യർ) പിൻപറ്റുകയും ചെയ്തു. സുലൈമാൻ നബി (അല്ലാഹുവിനോടുള്ള) നിഷേധം കാണിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യയും, ബാബിലോണിയയിൽ ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ട് മലക്കുകൾക്ക് അവതരിപ്പിക്കപ്പെട്ടതെന്തോ അതും പഠിപ്പിച്ചുകൊടുത്ത് കൊണ്ട് പിശാചുക്കളാണ് നിഷേധത്തിൽ (കുഫ്റിൽ) ഏർപെട്ടത്. എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പ

[1] 9/11/1387 (ഹി) തിയ്യതിയിൽ ശൈഖ് ഇബ്നു ബാസിൻ്റെ ഓഫീസ് നൽകിയ മറുപടിയിൽ നിന്ന്.

രീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) കുഫ്ർ ചെയ്യരുത് എന്ന് അവർ പറഞ്ഞുകൊടുക്കാതിരുന്നില്ല.

അങ്ങനെ അവരിൽ നിന്ന് ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല. അവർക്ക് തന്നെ ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർ പഠിച്ചു കൊണ്ടിരുന്നത്. അത് (ആ വിദ്യ) ആര് വാങ്ങി (കൈവശപ്പെടുത്തി)യോ അവർക്ക് പരലോകത്ത് യാതൊരു വിഹിതവുമുണ്ടാവില്ലെന്ന് അവർ ഗ്രഹിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ ആത്മാവുകളെ വിറ്റ് അവർ വാങ്ങിയ വില വളരെ ചീത്ത തന്നെ. അവർക്ക് വിവരമുണ്ടായിരുന്നെങ്കിൽ!" (ബഖറ:102)

സിഹ്ർ എന്ന പ്രവർത്തി ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന തരത്തിലുള്ള കുഫ്റാണ് എന്നതിന് ഈ വചനം തെളിവാണ്. മാരണക്കാർ ഉപദ്രവകരമായ കാര്യം മാത്രമാണ് പഠിച്ചു വെച്ചിരിക്കുന്നത് എന്നും, അതവർക്ക് ഒരു പ്രയോജനവും ചെയ്യുന്നതല്ല എന്നും, ഭാര്യാഭർത്താക്കന്മാർക്കിടയിൽ അകൽച്ചയും വേർപിരിയലുമുണ്ടാക്കുക എന്നത് അവരുടെ രീതിയാണെന്നും, അവർക്ക് ഖിയാമത്ത് നാളിൽ അല്ലാഹുവിങ്കൽ യാതൊരു വിഹിതവും ഉണ്ടായിരിക്കുന്നതല്ലെന്നും ഈ വചനം പഠിപ്പിക്കുന്നു.

നബി -ﷺ- പറഞ്ഞതായി ഇപ്രകാരം സ്ഥിരപ്പെട്ടിരിക്കുന്നു: "ഏഴ് വൻപാപങ്ങളെ നിങ്ങൾ വെടിയുക." സ്വഹാബികൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! ഏതെല്ലാമാണ് അവ?!" നബി -ﷺ- പറഞ്ഞു: "അല്ലാഹുവിൽ പങ്കുചേർക്കൽ, സിഹ്ർ ചെയ്യൽ, അല്ലാഹു നിഷിദ്ധമാക്കിയ ആത്മാക്കളെ അന്യായമായി ഹനിക്കൽ, പലിശ ഭുജിക്കൽ, അനാഥയുടെ ധനം തിന്നൽ, യുദ്ധത്തിൽ സൈന്യങ്ങൾ അന്യോന്യം കണ്ടുമുട്ടുമ്പോൾ പിന്തിരിഞ്ഞോടൽ, വിശ്വാസിനികളും പതിവ്രതകളും ചീത്തവിചാരങ്ങൾ ഇല്ലാത്തവരുമായ സ്ത്രീകളെ കുറിച്ച് അപവാദം പറയൽ എന്നിവയാണവ."

താങ്കളോട് മാരണത്തിനുള്ള പ്രതിവിധിയെന്ന പേരിൽ മരുന്നുതന്ന വ്യക്തിയും സാഹിറാണെന്നാണ് എനിക്ക് മനസ്സിലാകുന്നത്. കാരണം മാരണക്കാരുടെ പ്രവർത്തികൾ അവ പഠിച്ചവർക്കല്ലാതെ മനസ്സിലാവുകയില്ലല്ലോ?! അനേകം കാര്യങ്ങളിൽ ഞങ്ങൾക്ക് അദൃശ്യം അറിയാം എന്ന് വാദിക്കുന്ന മന്ത്രവാദികളുടെ

കൂട്ടത്തിൽ പെട്ടവനാണ് അവനും. അതിനാൽ ഇത്തരക്കാരെ കരുതിയിരിക്കുക എന്നതാണ് ഓരോ മുസ്‌ലിമിന്റെയും മേലുള്ള നിർബന്ധ ബാധ്യത.

അവർ മറഞ്ഞ കാര്യങ്ങൾ എന്ന പേരിൽ പറയുന്ന ഒരു വാക്കും നിങ്ങൾ വിശ്വസിക്കാൻ പാടില്ല. കാരണം നബി -ﷺ- പറഞ്ഞിരിക്കുന്നു. "ആരെങ്കിലും കണക്കുനോട്ടക്കാരനെ സമീപിക്കുകയും അവനോട് വല്ല പ്രശ്നത്തിനും പരിഹാരം ചോദിക്കുകയും ചെയ്താൽ അയാളുടെ നാൽപ്പത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല." (മുസ്‌ലിം).

നബി -ﷺ- പറഞ്ഞു: "ആരെങ്കിലും വല്ല ഭാവി പ്രവചിക്കുന്നവനേയോ അല്ലെങ്കിൽ ജ്യോത്സ്യനേയോ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ അവൻ മുഹമ്മദ് നബി (ﷺ) ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു."

അതിനാൽ താങ്കൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും, സംഭവിച്ചു പോയതിൽ ആത്മാർത്ഥമായി ഖേദിക്കുകയും ചെയ്യുക. നിങ്ങളുടെ നാട്ടിലുള്ള (ഇസ്‌ലാമിക) ജഡ്ജിയുടെ മുൻപിൽ നിങ്ങൾ പറഞ്ഞ മന്ത്രവാദിയെ കുറിച്ചും നിങ്ങളുടെ ഒന്നാം ഭാര്യയെ കുറിച്ചും അറിയിക്കുകയും ചെയ്യുക; അവരുടെ കാര്യത്തിൽ ഇസ്‌ലാമിക കോടതി വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ഇനി ഇതു പോലുള്ള എന്തെങ്കിലുമൊരു കാര്യം താങ്കൾക്ക് നേരിടേണ്ടി വന്നാൽ ഇസ്‌ലാമിക മതവിധികളെ കുറിച്ച് അറിവുള്ള പണ്ഡിതന്മാരോട് താങ്കൾ അതിനുള്ള ശരിയായ ചികിത്സാവിധിയെ കുറിച്ച് ചോദിച്ചറിയുക. അല്ലാഹു എനിക്കും താങ്കൾക്കും അവന്റെ മതത്തിൽ അവഗാഹം നൽകുകയും, അതിൽ ഉറച്ചു നിൽക്കാനുള്ള തൗഫീഖ് നൽകുകയും, ദീനിന് എതിരാകുന്ന കാര്യങ്ങളിൽ നിന്ന് നമ്മെ കാത്തുരക്ഷിക്കുകയും ചെയ്യട്ടെ. തീർച്ചയായും അല്ലാഹു അതീവ ഉദാരവാനും അങ്ങേയറ്റം നന്മകൾ ചെയ്യുന്നവനുമാകുന്നു.

വസ്സലാമു അലൈകും വറഹ്മതുല്ലാഹി വ ബറകാതുഹ്.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

### മാരണക്കാരോടും മന്ത്രവാദികളോടും ചോദിക്കുന്നതിൻ്റെ വിധി [1]

ചോദ്യം: രിയാദിൽ നിന്നുള്ള ഒരു സഹോദരൻ ചോദിക്കുന്നു: യമനിൻ്റെ ചില ഭാഗങ്ങളിൽ 'സാദാതുക്കൾ' എന്ന് അറിയപ്പെടുന്ന ചിലരുണ്ട്. അവർ ദീനിന് വിരുദ്ധമായ പലതരം മന്ത്രവാദങ്ങൾ കൊണ്ടുനടക്കുന്നവരാണ്. പ്രയാസകരമായ രോഗങ്ങൾ തങ്ങൾ ചികിത്സിച്ചു ഭേദമാക്കും എന്നാണ് ഇത്തരക്കാരുടെ അവകാശവാദം. ഇതിനെല്ലാമുള്ള തെളിവായി തങ്ങളുടെ സ്വന്തം ശരീരങ്ങളിൽ ഇവർ ആയുധങ്ങൾ കുത്തിയിറക്കുകയും, നാവ് മുറിച്ചെടുത്ത് അത് തിരിച്ചു വെക്കുകയുമെല്ലാം ചെയ്യുന്നുണ്ട്. പക്ഷേ, ഇതെല്ലാം ചെയ്താലും അവർക്ക് യാതൊരു പ്രയാസവും സംഭവിക്കുന്നതായി കാണുന്നില്ല താനും!

ഇങ്ങനെ ചെയ്യുന്നവരിൽ ചിലർ നിസ്കാരവും മറ്റുമുള്ളവരാണ്; മറ്റു ചിലർ നിസ്കരിക്കാറില്ല. തങ്ങളുടെ ഖബീലയിൽ നിന്ന് വിവാഹം കഴിക്കാൻ ഇവർ മറ്റുള്ളവരെ സമ്മതിക്കാറില്ലെങ്കിലും ഇവർ പുറമെ നിന്നുള്ളവരെ വിവാഹം കഴിക്കാറുണ്ട്. രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുന്ന സന്ദർഭത്തിൽ 'അല്ലാഹുവേ!' എന്ന് വിളിക്കുന്നതിനൊപ്പം മരിച്ചു പോയ തങ്ങളുടെ പൂർവ്വികന്മാരുടെ പേരുകളും ഇവർ വിളിക്കുന്നുണ്ട്.

പണ്ടുകാലത്തെല്ലാം ഞങ്ങളുടെ നാട്ടിലുള്ളവർ ഇവരെ സാധാരണ ജനങ്ങളായല്ല കണ്ടിരുന്നത്. മറിച്ച്, അല്ലാഹുവിൻ്റെ ഇഷ്ടദാസന്മാരായ ഔലിയാക്കളാണ് ഇവരെന്നും മറ്റുമെല്ലാമായിരുന്നു അവരുടെ വിശ്വാസം. പക്ഷേ, ഇപ്പോൾ ജനങ്ങൾ ഇവരുടെ കാര്യത്തിൽ രണ്ടു വിഭാഗമായി വേർതിരിഞ്ഞിട്ടുണ്ട്. ചില യുവാക്കളും മതവിദ്യാർത്ഥികളും ഇവർക്കെതിരെ നിലകൊള്ളുന്നുണ്ട്; എന്നാൽ പ്രായമുള്ള ചിലരും പാമരജനങ്ങളും ഇവരെ പിന്തുണക്കുന്നുമുണ്ട്.

ഈ വിഷയത്തിലുള്ള യാഥാർത്ഥ്യം ഞങ്ങൾക്ക് വിവരിച്ചു തരണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു.

**ഉത്തരം:** ചോദ്യത്തിൽ പറയപ്പെട്ട വിഭാഗം ആളുകൾ സ്വൂഫിയ്യാക്കളുടെ കൂട്ടത്തിൽ പെടുന്നവരാണ്. അനേകം നിഷിദ്ധവും നിരർത്ഥകവുമായ പ്രവർത്തനങ്ങൾ ഇവരിലാണ് കാണപ്പെടാറുള്ളത്. നബി -ﷺ- താക്കീതു ചെയ്ത മന്ത്രവാദികളുടെ കൂട്ടത്തിലാണ് ഇവരെ എണ്ണേണ്ടത്.

[1] നൂറുൻ അലദ്ദർബ് എന്ന പ്രോഗ്രാമിൽ വന്ന ചോദ്യോത്തരത്തിൽ നിന്ന്.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

അവിടുന്ന് പറഞ്ഞു: “ആരെങ്കിലും കണക്കുനോട്ടക്കാരനെ സമീപിക്കുകയും അവനോട് വല്ല പ്രശ്നത്തിനും പരിഹാരം ചോദിക്കുകയും ചെയ്താൽ അയാളുടെ നാൽപ്പത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല.”

തങ്ങൾക്ക് അദൃശ്യജ്ഞാനം ഉണ്ടെന്നും, തങ്ങളെ സേവിക്കുന്ന ജിന്നുകളുണ്ടെന്നും അവകാശപ്പെടുകയും, ജിന്നുകളെ ആരാധിക്കുകയും മാരണത്തിന്റെ ഇനങ്ങളിൽ പെടുന്ന ചില പ്രവർത്തികൾ ചെയ്തു കൊണ്ട് ജനങ്ങളെ വഞ്ചിക്കുകയും ചെയ്യുന്നവരാണ് ഇത്തരക്കാർ.

മൂസാ നബി -عَلَيْهِ السَّلَامُ- യുടെയും ഫിർഔനിന്റെയും ചരിത്രം വിവരിച്ചപ്പോൾ അല്ലാഹു പറഞ്ഞത് അതിനെ കുറിച്ചാണ്: “മൂസാ പറഞ്ഞു: നിങ്ങൾ (കയ്യിലുള്ള ഉപകരണങ്ങൾ) ഇട്ടുകൊള്ളുക. അങ്ങനെ ഇട്ടപ്പോൾ അവർ ആളുകളുടെ കണ്ണുകെട്ടുകയും അവർക്ക് ഭയമുണ്ടാക്കുകയും ചെയ്തു. വമ്പിച്ച ഒരു മാരണമാണ് അവർ കൊണ്ടു വന്നത്.” (അഅ്റാഫ്:116)

അതിനാൽ ഇത്തരക്കാരുടെ അരികിൽ ചെല്ലുക എന്നതോ, അവരോട് എന്തെങ്കിലുമൊന്ന് ചോദിക്കുക എന്നതോ അനുവദനീയമല്ല. നബി -ﷺ- പറഞ്ഞിരിക്കുന്നു: “ആരെങ്കിലും, ഒരു ജ്യോത്സ്യനെ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയുംചെയ്താൽ നിശ്ചയം, അയാൾ മുഹമ്മദ് നബി (ﷺ) ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു.”

മറ്റൊരു നിവേദനം ഇപ്രകാരമാണ്: “ആരെങ്കിലും വല്ല ഭാവി പ്രവചിക്കുന്നവനേയോ അല്ലെങ്കിൽ ജ്യോത്സ്യനേയോ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്താൽ അവൻ മുഹമ്മദ് നബിക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു.”

ഇനി അല്ലാഹുവല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുകയോ അവരോട് സഹായം തേടുകയോ ചെയ്യുകയും, തങ്ങളുടെ മുൻഗാമികൾക്കും പ്രപിതാക്കൾക്കും പ്രപഞ്ചത്തിന്റെ നിയന്ത്രണം സാധ്യമാണെന്നും രോഗികളെ സുഖപ്പെടുത്താനും മറ്റും കഴിയുമെന്നും, മരണശേഷവും പ്രാർത്ഥനകൾ കേൾക്കാനും ദൂരെ നിന്ന് തങ്ങളെ വിളിക്കുന്നവരെ അറിയാനും സാധിക്കുമെന്നുമുള്ള വാദങ്ങൾ; ഇതെല്ലാം തനിച്ച കുഫ്റും ഇസ്ലാമിൽ നിന്ന് പുറത്തു പോകുന്ന ബഹുദൈവാരാധനയുടെ വമ്പിച്ച രൂപവുമാണ്.

അതിനാൽ ഇക്കൂട്ടരെ എതിർക്കുകയും അവരുടെ അരികിൽ പോകുന്നത് അവസാനിപ്പിക്കുകയും ചെയ്യണം; അവരോട് എന്തെങ്കിലുമൊന്ന് ചോദിക്കുക

യോ അവരെ സത്യപ്പെടുത്തുകയോ ചെയ്യരുത്. കാരണം, തനി മന്ത്രവാദികളുടെയും മാരണക്കാരുടെയും പ്രവർത്തനങ്ങൾ ചെയ്യുന്നു എന്നതിനൊപ്പം ഇവർ വിഗ്രഹാരാധകർ ചെയ്യുന്നതു പോലെ അല്ലാഹുവല്ലാത്തവരെ ആരാധിക്കുകയും അവനല്ലാത്തവരോട് സഹായം തേടുകയും ജിന്നുകളെയും മരിച്ചവരെയും മറ്റുമെല്ലാം വിളിച്ചു സഹായം തേടുകയും ചെയ്യുന്നു. തങ്ങളുടെ പൂർവികന്മാർക്ക് കറാമത്തും വിലായത്തുമുണ്ടെന്ന് വാദിച്ച് അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഇതെല്ലാം മന്ത്രവാദികളുടെയും ജ്യോത്സ്യന്മാരുടെയും തട്ടിപ്പുകാരുടെയും പ്രവർത്തനങ്ങളിലാണ് പെടുക; പരിശുദ്ധദീനായ ഇസ്‌ലാമിൽ ഇവയെല്ലാം കഠിനമായി വിലക്കപ്പെട്ടിരിക്കുന്നു.

ചോദ്യത്തിൽ പറഞ്ഞ മറ്റൊരു കാര്യം; ഇവർ തങ്ങളുടെ ശരീരത്തിൽ മുറിവേൽപ്പിക്കുകയും, കത്തി കൊണ്ട് കുത്തുകയും, തങ്ങളുടെ നാവുകൾ മുറിക്കുകയുമെല്ലാം ചെയ്യുന്നു എന്നതാണ്. ഇതെല്ലാം ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള പരിപാടികൾ മാത്രമാണ്. ഖുർആനിലും സുന്നത്തിലും വ്യക്തമായ തെളിവുകൾ കൊണ്ട് വിലക്കപ്പെട്ട സിഹ്റിന്റെ പ്രവർത്തനങ്ങളിൽ മാത്രമേ അവയെ ഉൾപ്പെടുത്താൻ കഴിയൂ. അതിൽ ചില തെളിവുകൾ മേലെ പറഞ്ഞു കഴിഞ്ഞു.

അതിനാൽ ബുദ്ധിയുള്ള ഒരു മനുഷ്യനും യോജിച്ചതല്ല ഇത്തരക്കാരുടെ തട്ടിപ്പുകളിൽ അകപ്പെട്ടു പോവുക എന്നത്. ഫിർഔനിന്റെ ഒപ്പമുണ്ടായിരുന്ന മാരണക്കാരെ കുറിച്ച് അല്ലാഹു പറഞ്ഞതു തന്നെയാണ് ഇവരെ കുറിച്ച് നമുക്കും പറയാൻ സാധിക്കുക:

“അവരുടെ മാരണം കൊണ്ട് (ആ വടികളും കയറുകളും) ഇഴയുന്നതായി അവർക്ക് തോന്നിക്കപ്പെട്ടു.” (ത്വാഹാ: 66)

നിങ്ങളുടെ നാട്ടിലുള്ള ഈ ‘സാദാത്തുക്കൾ’ മന്ത്രവാദവും ജ്യോത്സ്യവും ശിർകും അല്ലാഹുവല്ലാത്തവരോടുള്ള സഹായതേട്ടവും പ്രാർത്ഥനയും മറഞ്ഞ കാര്യം അറിയാമെന്ന വാദവും പ്രപഞ്ചത്തിന്റെ നിയന്ത്രണം തങ്ങൾക്കുണ്ട് എന്ന അവകാശവാദവുമെന്നു വേണ്ട ശിർകിലും വ്യക്തമായ കുഫ്റിലും അകപ്പെടുന്ന അനേകം പ്രവർത്തികളാണ് ഒരുമിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളാണ്.

മറഞ്ഞ കാര്യങ്ങൾ അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല എന്ന് അവൻ ഖുർആനിലൂടെ നമ്മെ അറിയിച്ചിരിക്കുന്നു: "പറയുക: ആകാശങ്ങളിലോ ഭൂ

മിയിലോ ഉള്ള മറഞ്ഞ കാര്യം അല്ലാഹുവിനല്ലാതെ ഒരാൾക്കും അറിയുകയില്ല." ( നംൽ: 65)

അതിനാൽ ഇവരുടെ സ്ഥിതി മനസ്സിലാക്കിയ ഓരോ മുസ്ലിമീങ്ങളും ഇവർക്കെതിരെ ശക്തമായി പ്രതികരിക്കുകയും, അവരുടെ തെറ്റായ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് വ്യക്തമാക്കി കൊടുക്കുകയും വേണം.

അതോടൊപ്പം നിങ്ങളുടെ നാട് ഇസ്ലാമിക ഭരണമുള്ള ഇടമാണെങ്കിൽ അവിടെയുള്ള ഭരണാധികാരികളെ ഇക്കാര്യം അറിയിക്കുകയും ചെയ്യേണ്ടതുണ്ട്. ദീനിൽ പഠിപ്പിക്കപ്പെട്ട ശിക്ഷ ഇക്കൂട്ടർക്ക് നൽകുകയും, മുസ്ലിംകളെ ഇവരുടെ വഴികേടിൽ നിന്നും നിരർത്ഥകതയിൽ നിന്നും കാത്തുരക്ഷിക്കുകയും ചെയ്യുക എന്നത് ഭരണാധികാരികളുടെ ബാധ്യതയാണ്.

അല്ലാഹുവാണ് എല്ലാ തൗഫീഖും നൽകുന്നവൻ.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

# ജിന്നുകളെ ഉപയോഗിച്ച് രോഗങ്ങൾ ചികിത്സിക്കുന്ന പാരമ്പര്യ ചികിത്സകൻ! [1]

ചോദ്യം: പാരമ്പര്യ ചികിത്സകർ എന്ന പേരിൽ അറിയപ്പെടുന്ന ചിലർ ഞങ്ങളുടെ നാട്ടിലുണ്ട്. അവരിൽ ഒരാളെ സമീപിച്ചപ്പോൾ അയാൾ എന്നോട് പറഞ്ഞത് എന്റെ പേരും എന്റെ മാതാവിന്റെ പേരും രേഖപ്പെടുത്തി നൽകാനും ശേഷം അടുത്ത ദിവസം മടങ്ങി വരാനുമാണ്. പിന്നീട് കണ്ടപ്പോൾ എനിക്ക് സിഹ്ർ ബാധിച്ചിട്ടുണ്ട് എന്നും അതിനുള്ള ചികിത്സ ഇന്നയിന്ന രൂപത്തിലാണെന്നും അയാൾ പറഞ്ഞു. അല്ലാഹുവിന്റെ ഖുർആനിലെ ആയത്തുകൾ കൊണ്ടും മറ്റുമാണ് താൻ ചികിത്സിക്കുന്നത് എന്നാണ് ഇയാൾ പറയുന്നത്. ഇവരെ കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്താണ്? അവരുടെ അടുത്ത് പോകുന്നതിന്റെ വിധിയെന്താണ്?

ഉത്തരം: ചോദ്യത്തിൽ പറഞ്ഞതു പോലെയാണ് കാര്യമെങ്കിൽ ഈ ചികിത്സകൻ ജിന്നിന്റെ സഹായം തേടുന്ന വ്യക്തിയും, തനിക്ക് മറഞ്ഞ കാര്യം അറിയാം എന്ന് വാദിക്കുന്ന വ്യക്തിയുമാണ് എന്നാണ് മനസ്സിലാക്കേണ്ടത്. അതിനാൽ ഇയാളുടെ അടുക്കൽ ചികിത്സ തേടുന്നത് അനുവദനീയമല്ല. അയാളുടെ അടുക്കൽ പോവുകയോ, അയാളോട് ചോദിക്കുകയോ പോലും ചെയ്യരുത് എന്നതാണ് ശരി.

കാരണം ഇത്തരക്കാരെ കുറിച്ചാണ് നബി -ﷺ- പറഞ്ഞത്: "ആരെങ്കിലും കണക്കുനോട്ടക്കാരനെ സമീപിക്കുകയും അവനോട് വല്ല പ്രശ്നത്തിനും പരിഹാരം ചോദിക്കുകയും ചെയ്താൽ അയാളുടെ നാൽപ്പത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല." (മുസ്‌ലിം)

മാരണക്കാരെയും ജ്യോത്സ്യന്മാരെയും മന്ത്രവാദികളെയും സമീപിക്കുന്നതിൽ നിന്ന് വിലക്കുന്ന അനേകം ഹദീഥുകൾ നബി -ﷺ- യിൽ നിന്ന് സ്ഥിരപ്പെട്ടിട്ടുണ്ട്. അവരോട് ചോദിക്കുകയോ അവരെ വിശ്വസിക്കുകയോ ചെയ്യരുതെന്ന് അവിടുന്ന് താക്കീത് ചെയ്തിട്ടുണ്ട്.

നബി -ﷺ- പറഞ്ഞു: "ആരെങ്കിലും, ഒരു ജ്യോത്സ്യനെ സമീപിക്കുകയും അയാൾ പറയുന്നത് സത്യപ്പെടുത്തുകയുംചെയ്താൽ നിശ്ചയം, അയാൾ മുഹമ്മദ് നബി (ﷺ) ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചിരിക്കുന്നു."

[1] നൂറുൻ അലദ്ദർബ് എന്ന പ്രോഗ്രാമിൽ നിന്ന്.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

കളം വരച്ചു കൊണ്ടോ ഏലസുകൾ ഉപയോഗിച്ചുകൊണ്ടോ കവടി നിരത്തി കൊണ്ടോ രോഗിയുടെ പേരും കുടുംബവിവരവും ചോദിച്ചു കൊണ്ടോ മറഞ്ഞ കാര്യം അറിയാൻ സാധിക്കുമെന്ന് വാദിക്കുന്ന ഏവരും മന്ത്രവാദികളും ജ്യോത്സ്യന്മാരുമാണെന്നതിൽ സംശയമില്ല. അവരോട് ചോദിക്കുന്നതും അവർ പറയുന്നത് വിശ്വസിക്കുന്നതും നബി -ﷺ- വിലക്കിയിട്ടുണ്ട്.

അതിനാൽ ഇത്തരക്കാരെ സൂക്ഷിക്കുകയും അവരുടെ അടുക്കൽ ചികിത്സക്ക് പോകുന്നത് ഒഴിവാക്കുകയും ചെയ്യുക എന്നത് നിർബന്ധമാണ്. 'ഞങ്ങൾ ഖുർആൻ കൊണ്ടുള്ള ചികിത്സയാണ് നടത്തുന്നത്' എന്ന് അവർ വാദിച്ചാൽ മനസ്സിലാക്കുക; ജനങ്ങളെ വഴിതെറ്റിക്കാനും തെറ്റിദ്ധരിപ്പിക്കാനും വേണ്ടി അവർ സ്വീകരിച്ചിരിക്കുന്ന ഒരു തന്ത്രം മാത്രമാണത്. അതിനാൽ ഇത്തരം തട്ടിപ്പുകാരെ കുറിച്ച് അറിവുണ്ടെങ്കിൽ അവരുടെ കാര്യം ഇസ്‌ലാമിക ഭരണമുള്ള നാടുകളിലെ നിയമപാലകരെയും കോടതികളെയും അറിയിക്കേണ്ടതുണ്ട്. എങ്കിൽ ജനങ്ങൾക്ക് ഇവരെ കൊണ്ടുള്ള ഉപദ്രവം തടയപ്പെടുകയും, ജനങ്ങളുടെ സമ്പാദ്യം ഇക്കൂട്ടർ അന്യായമായി ഭക്ഷിക്കുന്നതിന് ഒരു അന്ത്യം കൊണ്ടുവരാൻ സാധിക്കുകയും ചെയ്യും.

അല്ലാഹുവാണ് നമ്മുടെ സഹായി. അവനെ കൊണ്ടല്ലാതെ യാതൊരു കഴിവോ മാറ്റമോ ഇല്ല.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

## സിഹ്റിനുള്ള ഇസ്ലാമിക ചികിത്സ [1]

ചോദ്യം: ഒരാൾക്ക് സിഹ്ർ ബാധിച്ചിട്ടുണ്ട് എന്ന് അനുഭവപ്പെടുന്നെങ്കിൽ സിദ്റിന്റെ ഏഴ് ഇലകൾ എടുത്ത ശേഷം അത് വെള്ളത്തിൽ ഇടുകയും, പിന്നീട് സൂറതുൽ ഫലഖ്, സൂറതുന്നാസ്, ആയത്തുൽ കുർസിയ്യ്, സൂറതുൽ കാഫിറൂൻ, സൂറത്തുൽ ബഖറയിലെ ആയത്തുസ്സിഹ്ർ, സൂറത്തു ഫാതിഹ എന്നിവ പാരായണം ചെയ്യുകയും (അത് കുടിക്കുകയും ആ വെള്ളം കൊണ്ട് കുളിക്കുകയും വേണം) എന്ന് ഒരു പണ്ഡിതൻ പറഞ്ഞതായി കേട്ടു. ഈ പറഞ്ഞത് ശരിയാണോ? സിഹ്ർ ബാധിച്ചിട്ടുണ്ട് എന്ന് ഒരാൾക്ക് അനുഭവപ്പെട്ടാൽ അയാൾ എന്താണ് ചെയ്യേണ്ടത്?

ഉത്തരം: സിഹ്റിന് യാഥാർത്ഥ്യമുണ്ട് എന്നതിൽ സംശയമില്ല. മാരണത്തിന്റെ ചില രൂപങ്ങൾ തോന്നലുകൾ മാത്രമാണെങ്കിലും അത് ചിലപ്പോൾ യാഥാർത്ഥ്യമായി സംഭവിക്കുകയും, അല്ലാഹുവിന്റെ അനുമതിയോടെ സ്വാധീനം സൃഷ്ടിക്കുകയും ചെയ്തേക്കാം. അല്ലാഹു ഖുർആനിൽ മാരണക്കാരെ കുറിച്ച് പറഞ്ഞ ആയത്ത് ഇതിനുള്ള തെളിവാണ്:

“സുലൈമാൻ നബിയുടെ രാജവാഴ്ചയുടെ (രഹസ്യമെന്ന) പേരിൽ പിശാചുക്കൾ പറഞ്ഞുപരത്തിക്കൊണ്ടിരുന്നത് അവർ (ഇസ്രായീല്യർ) പിൻപറ്റുകയും ചെയ്തു. സുലൈമാൻ നബി (അല്ലാഹുവിനോടുള്ള) നിഷേധം കാണിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് മാന്ത്രികവിദ്യയും, ബാബിലോണിയയിൽ ഹാറൂത്ത്, മാറൂത്ത് എന്നീ രണ്ട് മലക്കുകൾക്ക് അവതരിപ്പിക്കപ്പെട്ടതെന്തോ അതും പഠിപ്പിച്ചുകൊടുത്ത് കൊണ്ട് പിശാചുക്കളാണ് നിഷേധത്തിൽ (കുഫ്റിൽ) ഏർപെട്ടത്. എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും... -അഥവാ ആ രണ്ട് മലക്കുകൾ ആർക്ക് അത് പഠിപ്പിച്ചു കൊടുക്കുമ്പോഴും ഇങ്ങനെ പറയുമായിരുന്നു:- ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇത് ഉപയോഗിച്ച്) കുഫ്ർ ചെയ്യരുത് എന്ന് അവർ പറഞ്ഞുകൊടുക്കാതിരുന്നില്ല. അങ്ങനെ അവരിൽ നിന്ന് ഭാര്യാഭർത്താക്കന്മാർക്കിടയിൽ ഭിന്നതയുണ്ടാക്കുവാനുള്ള തന്ത്രങ്ങൾ ജനങ്ങൾ പഠിച്ച് കൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുമതി കൂടാതെ അതുകൊണ്ട് യാതൊരാൾക്കും ഒരു ദ്രോഹവും ചെയ്യാൻ അവർക്ക് കഴിയില്ല." (ബഖറ:102)

ചുരുക്കത്തിൽ സിഹ്റിന് സ്വാധീനം സൃഷ്ടിക്കാൻ കഴിയും; പക്ഷേ അല്ലാഹുവിന്റെ പ്രാപഞ്ചികമായ വിധിയുടെയും അനുമതിയുടെയും കീഴിൽ മാത്രമാണത് . പ്രപഞ്ചത്തിലെ ഒരു കാര്യവും അല്ലാഹുവിന്റെ വിധിയുടെ കീഴിലല്ലാതെയില്ല. എ

[1] നൂറുൻ അലദ്ദർബ് എന്ന പ്രോഗ്രാമിൽ നിന്ന്.

ന്നാൽ സിഹ്റിന് ചികിത്സയും മരുന്നുമുണ്ട്. നബി -ﷺ- ക്ക് സിഹ്ർ ബാധിച്ചപ്പോൾ അല്ലാഹു അവിടുത്തെ രക്ഷപ്പെടുത്തുകയും അതിന്റെ ഉപദ്രവത്തിൽ നിന്ന് കാക്കുകയും ചെയ്തിട്ടുണ്ട്. അവിടുത്തേക്ക് എതിരെ സിഹ്ർ ചെയ്തത് അവർ കണ്ടെത്തുകയും, അത് നശിപ്പിക്കുകയും അങ്ങനെ നബി -ﷺ- ക്ക് പ്രസ്തുത പ്രയാസം നീങ്ങുകയും ചെയ്തു.

അതിനാൽ ഒരാൾക്ക് സിഹ്ർ ചെയ്ത എന്തെങ്കിലും കെട്ടുകളോ ആണികളോ മറ്റോ കണ്ടാൽ അത് നശിപ്പിക്കുകയും ഇല്ലാതാക്കുകയും വേണം. കാരണം കെട്ടുകളിൽ ഊതുകയും അതിന് മേൽ അടിക്കുകയും ചെയ്യുക എന്നത് മാരണക്കാരുടെ സ്ഥിരം രീതികളിൽ പെട്ടതാണ്. അവർക്ക് അതിന് പിന്നിൽ വളരെ മോശമായ ചില ലക്ഷ്യങ്ങളാണ് ഉണ്ടായിരിക്കുക. ചിലപ്പോൾ അവരുടെ ഈ ലക്ഷ്യം അല്ലാഹുവിന്റെ അനുമതിയോടെ പൂർത്തീകരിക്കപ്പെട്ടേക്കാം. ചിലപ്പോൾ അത് സംഭവിക്കാതെ വരികയും ചെയ്തേക്കാം.അല്ലാഹുവാകട്ടെ, എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാണ്.

ചില സന്ദർഭങ്ങളിൽ സിഹ്റിന്റെ പ്രശ്നം നേരിടുന്ന വ്യക്തി സ്വയം ഖുർആൻ പാരായണം ചെയ്താൽ അതു കൊണ്ട് അവന്റെ രോഗം നീങ്ങിയേക്കാം; ഒരാൾക്ക് സ്വയം പാരായണം ചെയ്യാൻ കഴിയുന്ന രൂപത്തിൽ സ്വബോധമുണ്ടെങ്കിൽ ഇങ്ങനെ ചെയ്യാം.

മറ്റു ചിലപ്പോൾ സിഹ്ർ ബാധിച്ച വ്യക്തിക്ക് മറ്റൊരാൾ ഖുർആൻ പാരായണം ചെയ്തു കൊടുക്കേണ്ടി വന്നേക്കാം; ഖുർആൻ ഓതിയ ശേഷം അവന്റെ നെഞ്ചിലോ മറ്റുള്ള അവയവങ്ങളിലോ ഊതി മന്ത്രിക്കുകയും വേണം. ഫാതിഹ, ആയതുൽ കുർസിയ്യ്, സൂറത്തു ഇഖ്ലാസ്, സൂറത്തുൽ ഫലഖ്, സൂറത്തുന്നാസ്, സൂറത്തുൽ അഅ്റാഫിലും സൂറത്തു യൂനുസിലും സൂറത്തുത്വാഹായിലുമുള്ള സിഹ്റിന്റെ ആയത്തുകൾ എന്നിവ അവന് ഈ ഉദ്ദേശ്യത്തോടെ പാരായണം ചെയ്യാവുന്നതാണ്.

സൂറത്തുൽ അഅ്റാഫിലെ ആയത്തുകൾ ഇപ്രകാരമാണ്: “മൂസായ്ക്ക് നാം ബോധനം നല്കി; നീ നിന്റെ വടി ഇട്ടേക്കുക എന്ന്.അപ്പോൾ ആ വടിയതാ അവർ കൃത്രിമമായി ഉണ്ടാക്കിയതിനെ വിഴുങ്ങുന്നു. അങ്ങനെ സത്യം സ്ഥിരപ്പെടുകയും, അവർ പ്രവർത്തിച്ചിരുന്നതെല്ലാം നിഷ്ഫലമാകുകയും ചെയ്തു അങ്ങനെ അവിടെ വെച്ച് അവർ പരാജയപ്പെടുകയും, അവർ നിസ്സാരന്മാരായി മാറുകയും ചെയ്തു.” (അഅ്റാഫ്: 117-119)

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

സൂറത്തു യൂനുസിലെ ആയത്തുകൾ ഇപ്രകാരമാണ്: "ഫിർഔൻ പറഞ്ഞു: എല്ലാ വിവരമുള്ള ജാലവിദ്യക്കാരെയും നിങ്ങൾ എന്റെ അടുക്കൽ കൊണ്ട് വരൂ. അങ്ങനെ ജാലവിദ്യക്കാർ വന്നപ്പോൾ മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് ഇടാനുള്ളതെല്ലാം ഇട്ടേക്കൂ. അങ്ങനെ അവർ ഇട്ടപ്പോൾ മൂസാ പറഞ്ഞു: നിങ്ങൾ ഈ അവതരിപ്പിച്ചത് സിഹ്റാകുന്നു. തീർച്ചയായും അല്ലാഹു അതിനെ പൊളിച്ചു കളയുന്നതാണ്. കുഴപ്പമുണ്ടാക്കുന്നവരുടെ പ്രവർത്തനം അല്ലാഹു ഫലവത്താക്കിത്തീർക്കുകയില്ല; തീർച്ച. സത്യത്തെ അവന്റെ വചനങ്ങളിലൂടെ അവൻ യാഥാർത്ഥ്യമാക്കിത്തീർക്കുന്നതാണ്. കുറ്റവാളികൾക്ക് അത് അനിഷ്ടകരമായാലും ശരി." (യൂനുസ്: 79-82)

സൂറത്തു ത്വാഹായിലെ ആയത്തുകൾ ഇപ്രകാരമാണ്: "അവർ (ജാലവിദ്യക്കാർ) പറഞ്ഞു: ഹേ; മൂസാ, ഒന്നുകിൽ നീ ഇടുക. അല്ലെങ്കിൽ ഞങ്ങളാകാം ആദ്യമായി ഇടുന്നവർ. അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങളിട്ട് കൊള്ളുക. അപ്പോഴതാ അവരുടെ ജാലവിദ്യ നിമിത്തം അവരുടെ കയറുകളും വടികളുമെല്ലാം ഓടുകയാണെന്ന് അദ്ദേഹത്തിന് തോന്നുന്നു. അപ്പോൾ മൂസായ്ക്ക് തന്റെ മനസ്സിൽ ഒരു പേടി തോന്നി. നാം പറഞ്ഞു: പേടിക്കേണ്ട. തീർച്ചയായും നീ തന്നെയാണ് കൂടുതൽ ഔന്നത്യം നേടുന്നവൻ. നിന്റെ വലതുകയ്യിലുള്ളത് (വടി) നീ ഇട്ടേക്കുക. അവർ ഉണ്ടാക്കിയതെല്ലാം അത് വിഴുങ്ങിക്കൊള്ളും. അവരുണ്ടാക്കിയത് ജാലവിദ്യക്കാരന്റെ തന്ത്രം മാത്രമാണ്. ജാലവിദ്യക്കാരൻ എവിടെച്ചെന്നാലും വിജയിയാവുകയില്ല." (ത്വാഹാ: 65, 69)

ഇതോടൊപ്പം സൂറത്തുൽ കാഫിറൂൻ, സൂറത്തുൽ ഇഖ്ലാസ്, സൂറത്തുൽ ഫലഖ്, സൂറത്തുന്നാസ് എന്നിവയും അവൻ പാരായണം ചെയ്യണം. സൂറത്തുൽ ഇഖ്ലാസ് മുതൽ സൂറത്തുന്നാസ് വരെയുള്ള അദ്ധ്യായങ്ങൾ മൂന്നു തവണ പാരായണം ചെയ്യുന്നതാണ് കൂടുതൽ നല്ലത്.

ശേഷം തന്റെ രോഗശമനത്തിന് വേണ്ടി അവന് പ്രാർത്ഥിക്കാം. "അല്ലാഹുവേ! ജനങ്ങളുടെ രക്ഷിതാവേ! നീ കുഴപ്പം നീക്കേണമേ! രോഗത്തിന് നീ ശമനം നൽകുകയും ചെയ്യേണമേ! നീയാകുന്നു സർവ്വതും സുഖപ്പെടുത്തുന്നവനായ ശാഫീ. നിന്റെ ശമനമല്ലാതെ മറ്റൊരു ശമനവുമില്ല. ഒരു പ്രയാസവും ബാക്കിനിർത്താത്ത ശമനം നൽകേണമേ!"

ഇങ്ങനെ മന്ത്രിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ട് അവന് പറയാം: "അല്ലാഹുവിന്റെ നാമത്തിൽ ഞാൻ നിന്നെ മന്ത്രിക്കുന്നു; നിനക്ക് ഉപദ്രവമുണ്ടാക്കുന്ന സർവ്വതിൽ നിന്നും. എല്ലാ ആത്മാവിന്റെയും ഉപദ്രവത്തിൽ നിന്നും , അസൂയക്കാരന്റെ കണ്ണേറിൽ നിന്നും... അല്ലാഹു നിനക്ക് സൗഖ്യം നൽകട്ടെ. അല്ലാഹുവിന്റെ നാമത്തിൽ ഞാൻ നിന്നെ മന്ത്രിക്കുന്നു."

മൂന്നു തവണ ഈ പ്രാർത്ഥന അവൻ ആവർത്തിക്കുകയും, ശേഷം രോഗിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. "അല്ലാഹുവിന്റെ പരിപൂർണ്ണമായ നാമങ്ങൾ കൊണ്ട് അവൻ സൃഷ്ടിച്ചവയുടെ എല്ലാ ഉപദ്രവത്തിൽ നിന്നും ഞാൻ നിന്നെ മന്ത്രിക്കുന്നു" എന്ന് മൂന്നു തവണ പ്രാർത്ഥിച്ചാൽ അതും നല്ലതാണ്.

ഈ പറഞ്ഞതെല്ലാം ഉപകാരപ്രദമായ മരുന്നുകളിൽ പെട്ടതാണ്. ഒരാൾ ഈ മന്ത്രം ചൊല്ലുകയും, ശേഷം വെള്ളത്തിൽ ഊതുകയും, അത് കുടിക്കുകയും ബാക്കിയുള്ള വെള്ളം കൊണ്ട് കുളിക്കുകയും ചെയ്താൽ അതും രോഗശമനത്തിനുള്ള കാരണങ്ങളിൽ പെട്ടതാണ്; അല്ലാഹുവിന്റെ ഉദ്ദേശ്യമുണ്ടെങ്കിൽ അവന്റെ അസുഖം മാറുന്നതാണ്.

സിദ്റിന്റെ ഏഴ് പച്ചയിലകൾ വെള്ളത്തിൽ ഇടുകയും അത് പിഴിയുകയും ചെയ്താൽ അസുഖം മാറാൻ അതും കാരണമാണ്. ധാരാളം പേർക്ക് പ്രയോജനകരമായി തീർന്ന ചികിത്സയാണിത്. അനേകം പേരോട് നാം ഇതു പറഞ്ഞു കൊടുക്കുകയും അവർക്ക് അല്ലാഹു ഇതുകൊണ്ട് ഉപകാരം നൽകുകയും ചെയ്തിട്ടുണ്ട്. സിഹ്ർ ബാധിച്ചവർക്ക് പ്രയോജനകരമായ മരുന്നുകളിലൊന്നാണിത്.

ഭാര്യയുമായി ബന്ധപ്പെടാൻ സാധിക്കാത്ത വിധത്തിൽ സിഹ്ർ ചെയ്യപ്പെട്ടവർക്കും ഇത് സഹായകമാണ്. ചിലർക്ക് സിഹ്റിന്റെ ഭാഗമായി തന്റെ ഇണയെ സമീപിക്കാൻ സാധിക്കാറുണ്ട്. അവർക്ക് ഈ പറഞ്ഞ രൂപത്തിൽ മന്ത്രിക്കുകയും ഇത്തരം പ്രാർത്ഥനകൾ നിർവ്വഹിക്കുകയും ചെയ്താൽ രോഗം മാറുകയും പ്രയോജനം ലഭിക്കുകയും ചെയ്യുന്നതാണ്; ഇൻശാ അല്ലാഹ്.

ഒരാൾക്ക് സ്വയം ഈ മന്ത്രങ്ങൾ തനിക്ക് വേണ്ടി പാരായണം ചെയ്യുകയും, അതല്ലെങ്കിൽ ഒരു വെള്ളത്തിൽ പാരായണം ചെയ്ത ശേഷം അത് കുടിക്കുകയും ബാക്കിയുള്ള വെള്ളം കൊണ്ട് കുളിക്കുകയും ചെയ്യാവുന്നതാണ്. ഈ പറഞ്ഞതെല്ലാം സിഹ്ർ ബാധിക്കുകയോ, ഭാര്യയിൽ നിന്ന് സിഹ്ർ മൂലം അകറ്റി നിർത്തപ്പെടുകയോ ചെയ്യുന്നവർക്ക് പ്രയോജനകരമായിരിക്കും. ഈ പറഞ്ഞതെല്ലാം രോഗം മാറാനുള്ള കാരണങ്ങൾ മാത്രമാണ്; എന്നാൽ അല്ലാഹു മാത്രമാണ് അസുഖം ഇല്ലാതാക്കുകയും ശമനം നൽകുകയും ചെയ്യുന്നവൻ. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. അവന്റെ നിയന്ത്രണത്തിലാകുന്നു എല്ലാ രോഗങ്ങളും അതിനുള്ള മരുന്നുകളും. അവന്റെ വിധിപ്രകാരമാകുന്നു സർവ്വതും സംഭവിക്കുന്നത്.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

നബി -ﷺ- പറഞ്ഞതു പോലെ: "ഒരു മരുന്ന് ഇറക്കിയിട്ടല്ലാതെ അല്ലാഹു യാതൊരു രോഗവും ഇറക്കിയിട്ടില്ല. (മരുന്നിനെ കുറിച്ച്) അറിഞ്ഞവൻ അത് അറിഞ്ഞു; അറിയാതെ പോയവൻ അറിയാതെ പോവുകയും ചെയ്തു."

അല്ലാഹുവിന്റെ ഔദാര്യത്തിൽ പെട്ടതാണ് ഈ പറഞ്ഞതെല്ലാം. അവനാകുന്നു തൗഫീഖ് നൽകുന്നവൻ; അവൻ തന്നെയാകുന്നു നേരായ മാർഗത്തിലേക്ക് നയിക്കുന്നവൻ.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

### ജിന്ന് മനുഷ്യ ശരീരത്തിൽ പ്രവേശിക്കുമോ? [1]

ബിസ്മില്ലാഹ്. അല്ലാഹുവിന് സർവ്വ സ്തുതികളും. അല്ലാഹുവിന്റെ ദൂതർക്ക് മേൽ സ്വലാതും സലാമും ഉണ്ടാകട്ടെ. അവിടുത്തെ ബന്ധുമിത്രാദികൾക്കും അനുചരന്മാർക്കും അവരെ പിൻപറ്റിയവർക്കും മേലുമുണ്ടാകട്ടെ.

ഈ വർഷം (1407) ശഅ്ബാനിൽ പത്രങ്ങളിൽ പ്രചരിപ്പിക്കപ്പെട്ട ഒരു വാർത്തയുമായി ബന്ധപ്പെട്ട വിശദീകരണം നൽകാൻ ഉദ്ദേശിക്കുന്നു. രിയാദ്വിലുള്ള ഒരു മുസ്ലിം സ്ത്രീക്ക് ജിന്ന് ബാധിക്കുകയും, പ്രസ്തുത ജിന്ന് എന്റെ സാന്നിദ്ധ്യത്തിൽ ഇസ്ലാം സ്വീകരിക്കുകയും ചെയ്തിരുന്നു. അതിനും മുൻപ് സഹോദരൻ അബ്ദുല്ലാഹി ബ്നു മുശറഫ് അൽ-അംരിയുടെ അരികിൽ ഈ ജിന്ന് ഇസ്ലാം സ്വീകരിച്ചിരുന്നു.

അദ്ദേഹം ജിന്ന് ബാധിച്ച സ്ത്രീക്ക് ഖുർആൻ ഓതിക്കേൾപ്പിക്കുകയും, ജിന്നുമായി സംസാരിക്കുകയും, അതിനെ അല്ലാഹുവിനെ കുറിച്ച് ഓർമ്മപ്പെടുത്തുകയും, അതിക്രമം പ്രവർത്തിക്കുക എന്നത് ഗുരുതരമായ തിന്മയും പാപവുമാണെന്ന് ബോധ്യപ്പെടുത്തുകയും, ഇസ്ലാമിലേക്ക് ക്ഷണിക്കുകയും ചെയ്തതിന്റെ ഫലമായാണ് ഈ ഇസ്ലാം സ്വീകരണം ഉണ്ടായത്. താൻ ബുദ്ധ മതത്തിൽ പെട്ട വ്യക്തിയാണ് എന്നായിരുന്നു ജിന്ന് സ്വയം പറഞ്ഞത്.

എന്നാൽ അത് ഉപേക്ഷിക്കുകയും ഇസ്ലാം സ്വീകരിക്കുകയും ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ ജിന്ന് അക്കാര്യം ഉൾക്കൊള്ളുകയും, തന്റെ ഇസ്ലാം സ്വീകരണം പരസ്യമാക്കുകയും ചെയ്തു. പിന്നീട് അബ്ദുല്ലാഹി ബ്നു മുശറഫും ഈ സ്ത്രീയുടെ രക്ഷിതാക്കളും ഇക്കാര്യം എന്റെ സാന്നിദ്ധ്യത്തിൽ നടക്കുന്നത് നന്നായിരിക്കും എന്ന് തീരുമാനിക്കുകയും, എനിക്ക് ഈ ജിന്നിന്റെ ഇസ്ലാം സ്വീകരണം കേൾക്കാൻ വേണ്ടി അവർ എന്റെയരികിൽ കൊണ്ട് വരികയും ചെയ്തു.

ഇസ്ലാം സ്വീകരിച്ചതിന്റെ കാരണം എന്താണെന്ന എന്റെ ചോദ്യത്തിന് ജിന്ന് മറുപടി നൽകുകയും, ഈ സ്ത്രീയുടെ നാവിലാണ് സംസാരിക്കുന്നത് എങ്കിലും പുരുഷന്റെ ശബ്ദത്തിൽ അത് കാര്യങ്ങൾ എന്നോട് അറിയിക്കുകയും ചെയ്തു. ഈ കാര്യത്തിന് അവിടെ കൂടിയിരുന്ന സ്ത്രീയുടെ കുടുംബക്കാരും അബ്ദുല്ലാഹി ബ്നു മുശറഫും സാക്ഷിയായിരുന്നു. മറ്റു ചില പണ്ഡിതന്മാരും എന്നോടൊപ്പം

[1] അലി ത്വൻത്വാവിക്ക് നൽകിയ മറുപടിയിൽ നിന്ന് (3/11/1408)

അവിടെ ഉണ്ടായിരുന്നു. ഈ പറയപ്പെട്ട ജിന്ന് വളരെ വ്യക്തമായ ഭാഷയിൽ തന്റെ ഇസ്‌ലാം സ്വീകരണം പരസ്യമാക്കി.

താൻ ഇന്ത്യക്കാരനായ, ബുദ്ധമതം പിൻപറ്റുന്ന വ്യക്തിയാണെന്ന് അവൻ അറിയിക്കുകയുണ്ടായി. ഞാൻ ജിന്നിനെ ഗുണദോഷിക്കുകയും അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് ഓർമ്മപ്പെടുത്തുകയും, ഈ സ്ത്രീയിൽ നിന്ന് വിട്ടുപോകണമെന്ന് കൽപ്പിക്കുകയും, അവളെ ഉപദ്രവിക്കുന്നത് അവസാനിപ്പിക്കണമെന്ന് അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ ജിന്ന് പ്രവർത്തിക്കുകയും ചെയ്തു. അവന്റെ ജനങ്ങളെയും ഇസ്‌ലാമിലേക്ക് ക്ഷണിക്കണമെന്ന എന്റെ നിർദേശത്തോട് വളരെ നല്ല പ്രതികരണം നൽകിയ ശേഷം സലാം പറഞ്ഞു കൊണ്ടാണ് അവൻ പിരിഞ്ഞു പോയത്.

ജിന്ന് ശരീരത്തിൽ നിന്ന് വേർപെട്ട ശേഷം ഈ സ്ത്രീ തന്റെ സാധാരണ ശബ്ദത്തിൽ സംസാരിക്കുകയും, തന്നെ ബാധിച്ച പ്രയാസം നീങ്ങിയതായി അവൾക്ക് ബോധ്യപ്പെടുകയും ചെയ്തു. ഒരു മാസത്തിന് ശേഷമോ മറ്റോ എന്റെയരികിൽ അവളും അവളുടെ കുടുംബക്കാരും വന്നിരുന്നു; അവൾ സൗഖ്യവതിയാണെന്നും എന്നെ അറിയിക്കുകയും ചെയ്തു. അല്ലാഹുവിനാണ് സർവ്വ സ്തുതികളും.

ജിന്ന് ബാധിച്ച സമയത്ത് അവൾക്ക് ഉണ്ടായിരുന്ന അനുഭവങ്ങൾ എന്തായിരുന്നു എന്ന് ചോദിച്ചപ്പോൾ തന്റെ മനസ്സിൽ ദീനിന് വിരുദ്ധമായ വളരെ മോശം ചിന്തകൾ വന്നെത്താറുണ്ടായിരുന്നു എന്നും, ബുദ്ധ മതത്തോട് തനിക്ക് ചായ്'വ് തോന്നാറുണ്ടായിരുന്നു എന്നും, അവരുടെ ഗ്രന്ഥങ്ങൾ വായിക്കണമെന്ന് ആഗ്രഹമുണ്ടാകുമായിരുന്നു എന്നും അവൾ പറയുകയും ചെയ്തു.

ചുരുക്കത്തിൽ, ഈ ജിന്നിന്റെ ഭാഗത്ത് നിന്നുള്ള പ്രയാസം നീങ്ങിയ ശേഷം വളരെ സമാധാനപരമായ ജീവിതം അവൾക്ക് ലഭിച്ചു. പ്രയാസകരമായ ചിന്തകളോ മറ്റോ ഇപ്പോൾ അവളെ ബാധിക്കാറില്ല. എന്നാൽ ഇതു പോലെയൊക്കെ സംഭവിക്കുകയില്ല എന്നാണ് അലി ത്വന്ത്വാവീ ഈ വിഷയത്തെ കുറിച്ച് കേട്ടപ്പോൾ പ്രതികരിച്ചത് എന്ന് ഞാനറിഞ്ഞു. ഇതെല്ലാം തട്ടിപ്പും കളവുമാണെന്നും, സ്ത്രീയുടെ സംസാരം എന്നെ റെക്കോർഡ് ചെയ്തു കേൾപ്പിച്ചതായിരിക്കാമെന്നും അദ്ദേഹം പറഞ്ഞതായി ഞാനറിഞ്ഞു. അലി ത്വന്ത്വാവിയുടെ ഈ സംസാരത്തിന്റെ റെക്കോർഡിംഗ് ഞാൻ കേൾക്കുകയുണ്ടായി.

അദ്ദേഹം ഇക്കാര്യം സംസാരിച്ചു എന്ന് ഉറപ്പു വന്നപ്പോൾ എനിക്ക് വലിയ അത്ഭുതമാണുണ്ടായത്. ജിന്നിനോട് ഞാൻ വ്യത്യസ്തങ്ങളായ ചോദ്യങ്ങൾ ചോദി

ച്ചതിന് എങ്ങനെ മുൻകൂട്ടി റെക്കോർഡ് ചെയ്ത ശബ്ദം കേൾപ്പിക്കാനാകും?! വളരെ അത്ഭുതകരമായ കാര്യം തന്നെ! വിശുദ്ധ ഖുർആനിലെ ആയത്തിന് വിരുദ്ധമാണ് ജിന്ന് ഒരു മനുഷ്യൻ മുഖേന ഇസ്‌ലാം സ്വീകരിക്കുക എന്നാണ് അദ്ദേഹം പറയുന്നത്!

(സുലൈമാൻ നബി -عَلَيْهِ السَّلَامُ- യുടെ പ്രാർത്ഥനക്ക് വിരുദ്ധമാണ് ഇത് എന്നാണ് അദ്ദേഹത്തിന്റെ വാദം): "എനിക്ക് ശേഷം ഒരാൾക്കും തരപ്പെടാത്ത ഒരു രാജവാഴ്ച നീ എനിക്ക് പ്രദാനം ചെയ്യുകയും ചെയ്യേണമേ." (സ്വാദ്: 35)

ഇത് അദ്ദേഹത്തിന് സംഭവിച്ച അബദ്ധമാണെന്നതിൽ യാതൊരു സംശയവുമില്ല. അല്ലാഹു അദ്ദേഹത്തിന് നേർവഴി കാണിച്ചു കൊടുക്കട്ടെ! ഒരു മനുഷ്യന്റെ സംസാരം കേട്ട് ജിന്ന് ഇസ്‌ലാം സ്വീകരിച്ചു എന്നതിൽ സുലൈമാൻ നബി -عَلَيْهِ السَّلَامُ- യുടെ പ്രാർത്ഥനക്ക് വിരുദ്ധമായി യാതൊന്നുമില്ല. നബി -ﷺ- യുടെ പ്രബോധനത്തിലൂടെ എത്രയോ അധികം ജിന്നുകൾ മുസ്‌ലിംകളായിട്ടുണ്ട്!

സൂറത്തുൽ അഹ്ഖാഫിലും സൂറത്തുൽ ജിന്നിലും അല്ലാഹു ഇക്കാര്യം വ്യക്തമായി വിവരിച്ചിട്ടുണ്ട്. അബൂഹുറൈറ നിവേദനം ചെയ്ത ഹദീഥിൽ നബി -ﷺ- പറഞ്ഞു:

“പിശാച് എന്റെ മുൻപിൽ പ്രത്യക്ഷപ്പെടുകയും, എന്റെ നിസ്കാരം മുറിക്കുന്നതിന് വേണ്ടി എന്നിലേക്ക് പാഞ്ഞടുക്കുകയും ചെയ്തു. എന്നാൽ അല്ലാഹു എനിക്ക് അവന്റെ മേൽ അധികാരം നൽകുകയും ഞാൻ അവനെ കഴുത്തിൽ പിടിച്ച് ഞെരുക്കി. (മസ്ജിദിലെ) തൂണുകളിലൊന്നിൽ അവനെ പിടിച്ച് ബന്ധിക്കുകയും, നേരം പുലർന്നാൽ അവനെ നിങ്ങൾ നോക്കിക്കാണുകയും ചെയ്തിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചെങ്കിലും എന്റെ സഹോദരൻ സുലൈമാൻ നബി -عَلَيْهِ السَّلَامُ- ന്റെ വാക്കുകൾ ഞാൻ ഓർത്തു:

“അദ്ദേഹം പറഞ്ഞു. എന്റെ രക്ഷിതാവേ, നീ എനിക്ക് പൊറുത്തുതരികയും എനിക്ക് ശേഷം ഒരാൾക്കും തരപ്പെടാത്ത ഒരു അധികാരം നീ എനിക്ക് പ്രദാനം ചെയ്യുകയും ചെയ്യേണമേ.” (സ്വാദ്: 35) അങ്ങനെ അല്ലാഹു അവനെ നിന്ദ്യനായി മടക്കുകയും ചെയ്തു. (ബുഖാരി, മുസ്‌ലിം) മുസ്‌ലിമിന്റെ നിവേദനത്തിൽ ഇപ്രകാരമാണുള്ളത്:

“ജിന്നുകളിൽ പെട്ട ഒരു ഇഫ്രീത് എന്റെ നിസ്കാരം മുറിക്കുന്നതിന് വേണ്ടി എന്റെ നേർക്ക് പാഞ്ഞു വന്നു. അല്ലാഹു എനിക്ക് അവന്റെ മേൽ ശക്തി നൽകു

കയും, ഞാൻ അവന്റെ കഴുത്തിൽ പിടിക്കുകയും ചെയ്തു. നിങ്ങൾക്കെല്ലാവരും നോക്കിക്കാണാൻ സാധിക്കും വിധം മസ്ജിദിന്റെ തൂണുകളിലൊന്നിൽ അവനെ ബന്ധിക്കാൻ ഞാൻ വിചാരിച്ചു. എന്നാൽ എന്റെ സഹോദരൻ സുലൈമാൻ -عَلَيْهِ السَّلَامُ- ന്റെ വാക്ക് ഞാൻ ഓർത്തു:

"അദ്ദേഹം പറഞ്ഞു. എന്റെ രക്ഷിതാവേ, നീ എനിക്ക് പൊറുത്തുതരികയും എനിക്ക് ശേഷം ഒരാൾക്കും തരപ്പെടാത്ത ഒരു അധികാരം നീ എനിക്ക് പ്രദാനം ചെയ്യുകയും ചെയ്യേണമേ." (സ്വാദ്: 35) അങ്ങനെ അല്ലാഹു അവനെ നിന്ദ്യനായി മടക്കുകയും ചെയ്തു.

ആഇശ -رَضِيَ اللَّهُ عَنْهَا- നിവേദനം: നബി -ﷺ- നിസ്കരിച്ചു കൊണ്ടിരിക്കവെ അവിടുത്തെ നേർക്ക് പിശാച് വരികയും, അവിടുന്ന് അവനെ പിടികൂടുകയും മലർത്തിയടിക്കുകയും അവന്റെ കഴുത്ത് ഞെരിക്കുകയും ചെയ്തു. (പിന്നീട്) നബി -ﷺ- പറഞ്ഞു:

"അവന്റെ നാവിന്റെ നനവ് എന്റെ കയ്യിൽ ഞാനറിഞ്ഞു. സുലൈമാൻ -عَلَيْهِ السَّلَامُ- ന്റെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ ജനങ്ങൾ കാണുന്ന വിധത്തിൽ ബന്ധിക്കപ്പെടുമായിരുന്നു."

(നസാഈ) അബൂസഈദ് നിവേദനം ചെയ്ത ഹദീഥിൽ നബി -ﷺ- പറഞ്ഞു: "ഞാൻ എന്റെ രണ്ടും കരങ്ങളും അവനെതിരെ നീട്ടി. അവന്റെ കഴുത്ത് ഞാൻ ഞെരിക്കുകയും, അതു മൂലം അവന്റെ ഉമിനീരിന്റെ തണുപ്പ് എന്റെ തള്ളവിരലിനും ചൂണ്ടുവിരലിനും ഇടയിലായി ഞാൻ അനുഭവിക്കുകയും ചെയ്തു." (അഹ്മദ് , അബൂദാവൂദ്)

അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: റമദാനിലെ സകാത്തുൽ (ഫിത്വറിന്റെ ) സമ്പത്തിന് കാവൽ നിൽക്കാൻ നബി -ﷺ- എന്നെയാണ് ഏൽപ്പിച്ചത്. അങ്ങനെയിരിക്കെ ഒരാൾ അവിടെ വന്നെത്തുകയും, ഭക്ഷണത്തിൽ നിന്ന് കയ്യിട്ടെടുക്കാൻ തുടങ്ങുകയും ചെയ്തു. ഞാൻ അവനെ പിടികൂടുകയും, 'അല്ലാഹു തന്നെ സത്യം ! നിന്നെ ഞാൻ നബി -ﷺ- യുടെ അടുക്കൽ എത്തിക്കുന്നതാണ്' എന്ന് അവനോട് പറയുകയും ചെയ്തു.

അപ്പോൾ അയാൾ പറഞ്ഞു: "ഞാൻ ആവശ്യക്കാരനാണ്. എനിക്ക് കുടുംബമുണ്ട്. ഞാൻ ഏറെ ആവശ്യമുള്ള സ്ഥിതിയിലാണ്." അങ്ങനെ ഞാൻ അവനെ

വെറുതെ വിട്ടു. നേരം പുലർന്നപ്പോൾ നബി -ﷺ- എന്നോട് ചോദിച്ചു: "അബൂഹുറൈറ! നിന്റെ തടവുകാരൻ ഇന്നലെ രാത്രി എന്താണ് ചെയ്തത്?"

ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! അവൻ കടുത്ത പ്രയാസമുണ്ട് എന്നും, കുടുംബമുണ്ട് എന്നുമെല്ലാം പറഞ്ഞപ്പോൾ കരുണ തോന്നിയതിനാൽ ഞാനവനെ വെറുതെ വിട്ടു."

അപ്പോൾ നബി -ﷺ- പറഞ്ഞു: "എങ്കിൽ അറിയുക; അവൻ നിന്നോട് കളവാണ് പറഞ്ഞത്. അവൻ തിരിച്ചു വരുന്നതാണ്." നബി -ﷺ- ഇപ്രകാരം പറഞ്ഞതിൽ നിന്ന് അയാൾ എന്തായാലും തിരിച്ചു വരുന്നതാണ് എന്ന് ഞാൻ ഉറപ്പിക്കുകയും, അവന് വേണ്ടി ഞാൻ കാത്തിരിക്കുകയും ചെയ്തു. അങ്ങനെ അവൻ വന്ന് ഭക്ഷണത്തിൽ കയ്യിട്ടു വാരാൻ തുടങ്ങിയപ്പോൾ അവനെ ഞാൻ പിടികൂടി; 'അല്ലാഹു തന്നെ സത്യം! നിന്നെ ഞാൻ നബി -ﷺ- യുടെ അടുക്കൽ എത്തിക്കുന്നതാണ്' എന്ന് അവനോട് പറയുകയും ചെയ്തു.

അപ്പോൾ അവൻ പറഞ്ഞു: "എന്നെ വെറുതെ വിടുക; ഞാൻ ആവശ്യക്കാരനാണ്. എനിക്ക് കുടുംബമുണ്ട്. ഞാൻ ഇനി ഇത് ആവർത്തിക്കുകയില്ല." അങ്ങനെ അവനോട് കരുണ തോന്നിയതിനാൽ ഞാനവനെ വെറുതെ വിട്ടു. നേരം പുലർന്നപ്പോൾ നബി -ﷺ- എന്നോട് ചോദിച്ചു: "അബൂഹുറൈറ! നിന്റെ തടവുകാരൻ ഇന്നലെ രാത്രി എന്താണ് ചെയ്തത്?" ഞാൻ പറഞ്ഞു: "അവൻ കടുത്ത പ്രയാസമുണ്ട് എന്നും, കുടുംബമുണ്ട് എന്നുമെല്ലാം പറഞ്ഞപ്പോൾ കരുണ തോന്നിയതിനാൽ ഞാനവനെ വെറുതെ വിട്ടു."

അപ്പോൾ നബി -ﷺ- പറഞ്ഞു: "എങ്കിൽ അറിയുക; അവൻ നിന്നോട് കളവാണ് പറഞ്ഞത്. അവൻ തിരിച്ചു വരുന്നതാണ്." മൂന്നാമത്തെ തവണയും ഞാൻ അവന് വേണ്ടി പതിയിരുന്നു; അങ്ങനെ അവൻ വന്ന് ഭക്ഷണത്തിൽ കയ്യിട്ടു വാരാൻ തുടങ്ങിയപ്പോൾ അവനെ ഞാൻ പിടികൂടി.

ഞാൻ പറഞ്ഞു: "തീർച്ചയായും നിന്നെ ഞാൻ നബി -ﷺ- യുടെ അരികിൽ എത്തിക്കുന്നതാണ്. ഇത് മൂന്നാമത്തെ തവണയാണ് നീ മടങ്ങി വരില്ലെന്ന് പറയുകയും, വീണ്ടും ഇതേ കാര്യം ആവർത്തിക്കുകയും ചെയ്യുന്നത്."

അപ്പോൾ അവൻ പറഞ്ഞു: "നീ എന്നെ വെറുതെ വിട്ടാൽ നിനക്ക് ഉപകാരം ചെയ്യുന്ന ചില വാക്കുകൾ ഞാൻ നിന്നെ പഠിപ്പിച്ചു തരാം." ഞാൻ പറഞ്ഞു: "ഏതാണ് അത്?" അവൻ പറഞ്ഞു: "നീ നിന്റെ വിരിപ്പിലേക്ക് എത്തിയാൽ ആയ

ത്തുൽ കുർസിയ്യ് മുഴുവനായും പാരായണം ചെയ്യുക. എങ്കിൽ നേരം പുലരുന്നത് വരെ നിനക്ക് അല്ലാഹുവിങ്കൽ നിന്ന് ഒരു കാവൽക്കാരനുണ്ടായിരിക്കും. പിശാച് നിന്നെ സമീപിക്കുകയുമില്ല."

അങ്ങനെ അന്നും അവനെ ഞാൻ വെറുതെ വിട്ടു. നേരം പുലർന്നപ്പോൾ നബി -ﷺ- എന്നോട് ചോദിച്ചു: "അബൂഹുറൈറ! നിന്റെ തടവുകാരൻ ഇന്നലെ രാത്രി എന്താണ് ചെയ്തത്?"

ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! എനിക്ക് പ്രയോജനം നൽകുന്ന ചില വചനങ്ങൾ പഠിപ്പിച്ചു തരാം എന്ന് പറഞ്ഞപ്പോൾ ഞാൻ അവനെ വെറുതെ വിട്ടു."

അപ്പോൾ നബി -ﷺ- ചോദിച്ചു: "എന്തായിരുന്നു ആ വാക്കുകൾ?"

ഞാൻ പറഞ്ഞു: "അവൻ എന്നോട് പറഞ്ഞത് ഇപ്രകാരമാണ്: "നീ നിന്റെ വിരിപ്പിലേക്ക് എത്തിയാൽ ആയത്തുൽ കുർസിയ്യ് മുഴുവനായും പാരായണം ചെയ്യുക. എങ്കിൽ നേരം പുലരുന്നത് വരെ നിനക്ക് അല്ലാഹുവിങ്കൽ നിന്ന് ഒരു കാവൽക്കാരനുണ്ടായിരിക്കും. പിശാച് നിന്നെ സമീപിക്കുകയുമില്ല."

(സ്വഹാബികൾ നന്മകൾ നേടിപ്പിടിക്കാൻ ഏറ്റവും പരിശ്രമിക്കുന്നവരായിരുന്നു.) അപ്പോൾ നബി -ﷺ- പറഞ്ഞു: "എങ്കിൽ അറിയുക; അവൻ നിന്നോട് ഈ പറഞ്ഞത് സത്യമാണ്. എന്നാൽ അവൻ മഹാകള്ളനാണ്. അബൂ ഹുറൈറ! മൂന്നു ദിവസമായി നിന്നോട് സംസാരിച്ചു കൊണ്ടിരുന്നത് ആരാണെന്ന് നിനക്ക് അറിയുമോ?!" ഞാൻ പറഞ്ഞു: "അറിയില്ല." നബി -ﷺ- പറഞ്ഞു: "അത് ഒരു ശയ്ത്വാൻ (പിശാച്) ആയിരുന്നു." (ബുഖാരി മുഅല്ലഖായി/ ഫത്ഹ്: 4/487)

സ്വഫിയ്യഃ -رَضِيَ اللَّهُ عَنْهَا- നിവേദനം: നബി -ﷺ- പറഞ്ഞു: "തീർച്ചയായും പിശാച് മനുഷ്യന്റെ രക്തം സഞ്ചരിക്കുന്ന ഇടങ്ങളിലൂടെയെല്ലാം സഞ്ചരിക്കുന്നതാണ്."

ഉഥ്മാൻ ബ്നു അബിൽ ആസ്വ് -رَضِيَ اللَّهُ عَنْهُ- നിവേദനം: അദ്ദേഹം ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! പിശാച് എനിക്കും എന്റെ നിസ്കാരത്തിനും അതിലെ പാരായണത്തിനും ഇടയിൽ മറ സൃഷ്ടിച്ചിരിക്കുന്നു." അപ്പോൾ നബി -ﷺ- പറഞ്ഞു: "ഖിൻസബ് എന്ന് പേരുള്ള ഒരു പിശാചാണത്. അവന്റെ പ്രയാസം അനുഭവപ്പെട്ടാൽ ഉടനെ നീ അല്ലാഹുവിനോട് രക്ഷ തേടുകയും, നിന്റെ ഇടതു ഭാഗത്തേക്ക് മൂന്നു തവണ തുപ്പുകയും ചെയ്യുക." ഉഥ്മാൻ ബ്നു അബിൽ ആസ്വ് പ

റയുന്നു: "ഞാൻ അങ്ങനെ ചെയ്തപ്പോൾ അല്ലാഹു അക്കാര്യം എനിക്ക് നീക്കിത്തന്നു." (അഹ്മദ്: 4/216)

ഹദീഥിൽ സ്ഥിരപ്പെട്ട മറ്റൊരു കാര്യം ഇപ്രകാരമാണ്: ഏതൊരു മനുഷ്യനോടൊപ്പവും മലക്കുകളിൽ പെട്ട ഒരു സഹവാസിയും, ജിന്നുകളിൽ പെട്ട ഒരു സഹവാസിയുമുണ്ട്. നബി -ﷺ- പോലും അതിൽ നിന്ന് ഒഴിവല്ലായിരുന്നു; എന്നാൽ അവിടുത്തെ അല്ലാഹു സഹായിക്കുകയും അവൻ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു എന്നതിനാൽ അവിടുത്തോട് നന്മയല്ലാതെ അവൻ കൽപ്പിക്കുകയില്ല.

മനുഷ്യശരീരത്തിൽ ജിന്ന് പ്രവേശിക്കുമെന്നും, അവനെ മറിച്ചിടാൻ ജിന്നിന് സാധിക്കുമെന്നും വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിപ്പിച്ചിട്ടുണ്ട് എന്നതിന് പുറമെ മുസ്‌ലിം ഉമ്മത്തിന് ഏകാഭിപ്രായമുള്ള വിഷയം കൂടിയാണത്. ദീനിൽ വിജ്ഞാനവും അവഗാഹവുമുണ്ട് എന്ന് ധരിക്കപ്പെടുന്ന ഒരു വ്യക്തി അതിന് വിരുദ്ധം പറയുക എന്നത് അത്ഭുതകരം തന്നെ! ഒരു വൈജ്ഞാനികമായ അടിത്തറയോ നേരായ മാർഗമോ പിന്തുണയില്ലാതെ അതിനെ നിഷേധിക്കുകയും, അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ മാർഗത്തിന് വിരുദ്ധമായി നിലകൊള്ളുന്ന പിഴച്ച ബിദ്അത്തിന്റെ കക്ഷികളെ അന്ധമായി അനുകരിക്കുകയും ചെയ്യുക എന്നത് ഒരു വിജ്ഞാനമുള്ള വ്യക്തിക്ക് അനുയോജ്യമല്ല. (അല്ലാഹുൽ മുസ്തആൻ)

ഈ വിഷയത്തിൽ പണ്ഡിതന്മാർ പറഞ്ഞ ചില വാക്കുകൾ മാത്രം ഞാനിവിടെ എടുത്തു കൊടുക്കാം:

അല്ലാഹു പറയുന്നു: "പലിശ ഭക്ഷിക്കുന്നവർ പിശാച്ബാധ നിമിത്തം പിശാച് മറിച്ചിടുന്ന ഒരു വ്യക്തിയെ പോലെയല്ലാതെ (അന്ത്യനാളിൽ) എഴുന്നേൽക്കുന്നതല്ല." (ബഖറ: 275)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഖുർആൻ വ്യാഖ്യാതാവായ അബൂ ജഅ്ഫർ ഇബ്നു ജരീർ -رَحِمَهُ اللَّهُ- പറയുന്നു: "പലിശ ഭക്ഷിക്കുന്നവർ പിശാച്ബാധ നിമിത്തം പിശാച് മറിച്ചിടുന്ന ഒരു വ്യക്തിയെ പോലെയല്ലാതെ (അന്ത്യനാളിൽ) എഴുന്നേൽക്കുന്നതല്ല." (ബഖറ: 275)

അതായത് പിശാച് മനുഷ്യനെ ഇഹലോകത്ത് വെച്ച് മറിച്ചിടുന്നതു പോലെയാണ് (പലിശ ഭക്ഷിച്ചവൻ എഴുന്നേൽക്കുക). പിശാച് ഭ്രാന്ത് ബാധിപ്പിച്ചു കൊണ്ട് മനുഷ്യനെ ഞെരുക്കുകയും മറിച്ചിടുകയും ചെയ്യുന്നതാണ്.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ബഗവി -رَحِمَهُ اللَّهُ- പറയുന്നു: "പലിശ ഭക്ഷിക്കുന്നവർ പിശാച്ബാധ നിമിത്തം പിശാച് മറിച്ചിടുന്ന ഒരു വ്യക്തിയെ പോലെയല്ലാതെ (അന്ത്യനാളിൽ) എഴുന്നേൽക്കുന്നതല്ല." (ബഖറ: 275) അതായത്, ഭാന്ത് ബാധിച്ചവനെ പോലെയായിരിക്കും അവന്റെ അവസ്ഥ. ഭ്രാന്ത് ബാധിച്ചവർക്കാണ് അറബിയിൽ മംസൂസ് എന്ന് പറയുക; ആയത്തിൽ വന്ന മസ്സ് എന്ന പദം ഈ ഉദ്ദേശ്യത്തിലാണ്.

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇബ്നു കഥീർ -رَحِمَهُ اللَّهُ- പറയുന്നു: "പലിശ ഭക്ഷിക്കുന്നവർ പിശാച്ബാധ നിമിത്തം പിശാച് മറിച്ചിടുന്ന ഒരു വ്യക്തിയെ പോലെയല്ലാതെ (അന്ത്യനാളിൽ) എഴുന്നേൽക്കുന്നതല്ല." (ബഖറ: 275)

അതായത് അവരുടെ ഖബ്റുകളിൽ നിന്ന് അന്ത്യനാളിൽ അവർ എഴുന്നേറ്റു വരിക പിശാച് ബാധിച്ച മനുഷ്യരെ പോലെയായിരിക്കും. പിശാച് ബാധിച്ചു കഴിഞ്ഞാൽ അവൻ മനുഷ്യനെ മറിച്ചിടുകയും പ്രയാസത്തിലാക്കുകയും ചെയ്യുന്നതാണ്. അവന്റെ എഴുന്നേറ്റ് വരവ് തീർത്തും ഭീകരമായിരിക്കും എന്നർത്ഥം."

ഇബ്നു അബ്ബാസ് -رَضِيَ اللَّهُ عَنْهُمَا- പറയുന്നു: "പലിശ തിന്നവൻ ഖിയാമത്ത് നാളിൽ ജിന്ന് ബാധിച്ച് ഞെരുക്കപ്പെട്ട നിലയിലായിരിക്കും വരിക." (ഇബ്നു അബീ ഹാതിം)

ഔഫ് ബ്നു മാലിക്, സഈദ് ബ്നു ജുബൈർ, സുദ്ദി, റബീഅ് ബ്നു അനസ്, ഖതാദ, മുഖാതിൽ ബ്നു ഹയ്യാൻ തുടങ്ങിയവരിൽ നിന്ന് സമാനമായ വിശദീകരണം വന്നിട്ടുണ്ട്."

ഖുർത്വുബി -رَحِمَهُ اللَّهُ- തന്റെ തഫ്സീറിൽ പറയുന്നു: "പലിശ ഭക്ഷിക്കുന്നവർ പിശാച്ബാധ നിമിത്തം പിശാച് മറിച്ചിടുന്ന ഒരു വ്യക്തിയെ പോലെയല്ലാതെ (അന്ത്യനാളിൽ) എഴുന്നേൽക്കുന്നതല്ല." (ബഖറ: 275)

"ജിന്നുകൾ മനുഷ്യരെ ബാധിക്കില്ലെന്ന് വാദിച്ചവർക്കുള്ള മറുപടി ഈ ആയത്തിലുണ്ട്. അത് കേവലം പ്രകൃതിപ്രതിഭാസമാണെന്നും, പിശാച് മനുഷ്യരിൽ പ്രവേശിക്കുകയില്ലെന്നുമാണ് അത്തരക്കാരുടെ വാദം." ഈ വിഷയത്തിൽ ഖുർആൻ വ്യാഖ്യാതാക്കളുടെ അനേകം വിശദീകരണങ്ങൾ വേറെയുമുണ്ട്. അന്വേഷിച്ചാൽ അവ വളരെ എളുപ്പത്തിൽ കണ്ടെത്താവുന്നതാണ്.

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ -رَحِمَهُ اللَّهُ- പറയുന്നു: "മുഅ്തസലികളിൽ പെട്ട ജുബ്ബാഈ, അബൂബക്ർ റാസീ തുടങ്ങിയവർ മനുഷ്യശരീരത്തിൽ ജിന്ന്

പ്രവേശിക്കും എന്ന കാര്യത്തെ നിഷേധിച്ചിട്ടുണ്ട്. ജിന്നുകളുടെ അസ്തിത്വം അവർ നിഷേധിച്ചിട്ടില്ല; കാരണം അക്കാര്യം ഖുർആനിലും ഹദീഥിലും വളരെ വ്യക്തവും പ്രകടവുമായി സ്ഥിരപ്പെട്ടിട്ടുണ്ട്. എന്നാൽ ജിന്ന് മനുഷ്യ ശരീരത്തിൽ ബാധിക്കില്ല എന്ന അവരുടെ വാദം തെറ്റാണ്.

ഇത് കൊണ്ടാണ് അശ്അരി തന്റെ 'മഖാലാതു അഹ്ലിസ്സുന്നഃ' എന്ന ഗ്രന്ഥത്തിൽ ജിന്ന് മനുഷ്യശരീരത്തിൽ പ്രവേശിക്കുമെന്നത് അഹ്ലുസ്സുന്നത്തിന്റെ വാദമാണെന്ന് രേഖപ്പെടുത്തിയത്. അല്ലാഹുവിന്റെ വചനം ഇതിനുള്ള തെളിവാണ്: "പലിശ ഭക്ഷിക്കുന്നവർ പിശാച്ബാധ നിമിത്തം പിശാച് മറിച്ചിടുന്ന ഒരു വ്യക്തിയെ പോലെയല്ലാതെ (അന്ത്യനാളിൽ) എഴുന്നേൽക്കുന്നതല്ല." (ബഖറ: 275)

അബ്ദുല്ലാഹി ബ്നു അഹ്മദ് ബ്നി ഹമ്പൽ പറയുന്നു: "ഞാൻ എന്റെ പിതാവ് ഇമാം അഹ്മദിനോട് പറഞ്ഞു: ജനങ്ങളിൽ ചിലർ ജിന്ന് മനുഷ്യശരീരത്തിൽ പ്രവേശിക്കില്ല എന്ന് പറയുന്നുണ്ട്." അത് കേട്ടപ്പോൾ എന്റെ പിതാവ് പറഞ്ഞു: "മോനേ! അവർ കളവാണ് പറയുന്നത്. ജിന്ന് തന്നെയാണ് അവന്റെ നാവിലിരുന്ന് ആ സംസാരിക്കുന്നത്." (ഈദ്വാഹുദ്ദലാലഃ ഫീ ഉമൂമിർരിസാലഃ / മജ്മൂഉൽ ഫതാവാ: 19/9-65)

ഇബ്നു തൈമിയ്യ പറയുന്നു: "ജിന്നിന്റെ അസ്തിത്വം ഖുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും ഈ ഉമ്മത്തിലെ സച്ചരിതരായ മുൻഗാമികളുടെയും ഇമാമുമാരുടെയും ഏകാഭിപ്രായം കൊണ്ടും സ്ഥിരപ്പെട്ട കാര്യമാണ്. മനുഷ്യ ശരീരത്തിൽ ജിന്ന് പ്രവേശിക്കും എന്ന കാര്യവും ഇതു പോലെ അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത് ഏകോപിച്ച വിഷയങ്ങളിലൊന്നാണ്.

അല്ലാഹു പറഞ്ഞിരിക്കുന്നു: "പലിശ ഭക്ഷിക്കുന്നവർ പിശാച്ബാധ നിമിത്തം പിശാച് മറിച്ചിടുന്ന ഒരു വ്യക്തിയെ പോലെയല്ലാതെ (അന്ത്യനാളിൽ) എഴുന്നേൽക്കുന്നതല്ല." (ബഖറ: 275)

നബി -ﷺ- പറഞ്ഞതായി സ്വഹീഹ് ഗ്രന്ഥങ്ങളിൽ വന്നിരിക്കുന്നു. "തീർച്ചയായും പിശാച് മനുഷ്യന്റെ രക്തം സഞ്ചരിക്കുന്ന ഇടങ്ങളിലൂടെയെല്ലാം സഞ്ചരിക്കുന്നതാണ്."

അബ്ദുല്ലാഹി ബ്നു അഹ്മദ് ബ്നി ഹമ്പൽ പറയുന്നു: "ഞാൻ എന്റെ പിതാവ് ഇമാം അഹ്മദിനോട് പറഞ്ഞു: ജനങ്ങളിൽ ചിലർ ജിന്ന് മനുഷ്യശരീരത്തിൽ പ്രവേശിക്കില്ല എന്ന് പറയുന്നുണ്ട്." അത് കേട്ടപ്പോൾ എന്റെ പിതാവ് പറഞ്ഞു: "മോ

നേ! അവർ കളവാണ് പറയുന്നത്. ജിന്ന് തന്നെയാണ് അവന്റെ നാവിലിരുന്ന് ആ സംസാരിക്കുന്നത്."

ഇമാം അഹ്മദിന്റെ ഈ വാക്കിൽ വന്ന ഇക്കാര്യം ഏറെ പ്രസിദ്ധമാണ്. ജിന്ന് മനുഷ്യനെ ബാധിക്കുകയും, മനുഷ്യന് മനസ്സിലാകാത്ത ഭാഷയിൽ സംസാരിക്കുകയും ചെയ്യും. ചിലപ്പോൾ ഒരാളുടെ മേൽ ധാരാളം തവണ അടിയേൽക്കുകയും, അത് അവനിൽ യാതൊരു സ്വാധീനവും സൃഷ്ടിക്കാതെ പോവുകയും ചെയ്തേക്കാം; അതു പോലുള്ള അടി ഒരു ഒട്ടകത്തിന് കിട്ടിയിരുന്നെങ്കിൽ ആ അടികൾ അതിനെ ബാധിക്കുമായിരുന്നു. എന്നാൽ ജിന്ന് ബാധിച്ചവന് ചിലപ്പോൾ ഈ അടിയൊന്നും അറിഞ്ഞിട്ടുണ്ടാവുകയില്ല. താൻ മനസ്സിലാകാത്ത ഏതോ ഭാഷയിൽ സംസാരിച്ച കാര്യവും അവൻ അറിഞ്ഞിട്ടുണ്ടാകില്ല.

ചിലപ്പോൾ ജിന്ന് ബാധിച്ച വ്യക്തി മറ്റുള്ള ഒരാളെ അവൻ ഇരിക്കുന്ന വിരിപ്പിനെയും വലിച്ചു കൊണ്ട് പോവുകയോ, വസ്തുക്കളെ നീക്കി മാറ്റുകയോ, ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോവുകയോ ചെയ്തേക്കാം. ഇത്തരം കാര്യങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന ഏതൊരാൾക്കും അവ ജിന്നിന്റെ പ്രവർത്തിയിൽ നിന്നാണെന്ന് വ്യക്തമായി ബോധ്യപ്പെടും. അവന്റെ വാക്കുകൾ മനുഷ്യന്റെ വാക്കുകളല്ലെന്നും, പ്രവർത്തികൾ മനുഷ്യന്റെ പ്രവർത്തനങ്ങളല്ലെന്നും അവന് തിരിച്ചറിയാൻ കഴിയുന്നതാണ്.

മനുഷ്യന്റെ ശരീരത്തിൽ ജിന്ന് പ്രവേശിക്കുമെന്ന കാര്യം നിഷേധിക്കുന്ന ഒരാളും ഇമാമീങ്ങളിൽ ഇല്ല. ആരെങ്കിലും ഇക്കാര്യം നിഷേധിക്കുകയും ഇസ്‌ലാമിൽ ഇങ്ങനെയൊരു കാര്യമില്ല എന്ന് തള്ളിപ്പറയുകയും ചെയ്യുന്നുവെങ്കിൽ അവൻ അല്ലാഹുവിന്റെ ദീനിന്റെ പേരിൽ കളവ് കെട്ടിച്ചമക്കുകയാണ്. ഇസ്‌ലാമിക പ്രമാണങ്ങളിൽ ഈ കാര്യങ്ങളെ നിഷേധിക്കുന്ന യാതൊന്നും വന്നിട്ടില്ല." (മജ്മൂഉൽ ഫതാവാ: 24/276-277)

ഇമാം ഇബ്നുൽ ഖയ്യിം -رَحِمَهُ الله- പറയുന്നു: "അപസ്മാരം രണ്ട് രൂപത്തിലുണ്ട്. ഒന്ന് ഭൂമിയിലെ നിന്ദ്യരും മ്ലേഛരുമായ (ജിന്നാ)ത്മാവുകളെ കൊണ്ട് സംഭവിക്കുന്നത്. മറ്റൊന്ന് മനുഷ്യന്റെ ശരീരത്തിലെ മാറ്റങ്ങൾ കൊണ്ട് സംഭവിക്കുന്നത്. രണ്ടാമത് പറഞ്ഞ കാര്യത്തെ കുറിച്ച് സംസാരിക്കേണ്ടത് വൈദ്യശാസ്ത്രം പഠിച്ചവരാണ്. അതിന്റെ കാരണങ്ങളും ചികിത്സാവിധികളും അവരുടെ പക്കലാണുള്ളത്.

എന്നാൽ പൈശാചിക ആത്മാവുകളെ കൊണ്ടുള്ള അപസ്മാരമാകട്ടെ; വൈദ്യരംഗത്തുള്ള ബുദ്ധിമാന്മാരും നേതാക്കളും വരെ അതിനെ നിഷേധിക്കു

ന്നില്ല. ഇത്തരം നിന്ദ്യമായ ആത്മാക്കൾക്കുള്ള പരിഹാരം ഉന്നതവും ശ്രേഷ്ഠവുമായ ആത്മാവുകളെ കൊണ്ടേ സാധ്യമാകൂ എന്നത് അവരും അംഗീകരിക്കുന്നുണ്ട്. അവ വൃത്തികേടുകളെ തടുത്തു നിർത്തുകയും, അതിനെ എതിരിടുകയും, അവയുടെ പ്രവർത്തനങ്ങളെ നിഷ്ഫലമാക്കി കളയുകയും ചെയ്യും. ഈ കാര്യം ഹിപ്പോക്രിറ്റസ് തന്റെ ചില ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. അപസ്മാര രോഗത്തിനുള്ള ചികിത്സകൾ രേഖപ്പെടുത്തിയ ശേഷം അദ്ദേഹം പറഞ്ഞു:

"ഈ പറഞ്ഞ ചികിത്സാവിധികൾ ശാരീരികമായ കാരണങ്ങളാൽ സംഭവിക്കുന്ന അപസ്മാരത്തിന്റെ ചികിത്സക്ക് മാത്രമേ ഉപകരിക്കുകയുള്ളൂ. (പൈശാചിക) ആത്മാവുകൾ മുഖേനയുണ്ടാകുന്ന അപസ്മാരത്തെ ചികിത്സിക്കാൻ ഈ രൂപം പ്രയോജനം ചെയ്യില്ല.

എന്നാൽ വൈദ്യശാസ്ത്രം പഠിച്ചവരിലും ചിലരുണ്ട് ഇക്കാര്യം നിഷേധിക്കുന്നവരായി; വിവരദോഷികളും നിന്ദ്യരും നിരീശ്വരത്വവും നാസ്തികതയുമാണ് ശ്രേഷ്ഠം എന്ന് കരുതുന്നവരുമായ അക്കൂട്ടർ ആത്മീയമായ അപസ്മാരത്തെ നിഷേധിച്ചിട്ടുണ്ട്. ജിന്ന് ബാധ സംഭവിച്ച വ്യക്തിയിൽ മാറ്റങ്ങൾ സംഭവിക്കും എന്നത് അവർ അംഗീകരിക്കാറില്ല.

തനിച്ച അജ്ഞതയല്ലാതെ മറ്റൊന്നും അവർക്ക് തെളിവായില്ല. വൈദ്യശാസ്ത്രത്തിൽ പോലും ഈ പറഞ്ഞതിനെ നിഷേധിക്കാൻ തക്ക യാതൊന്നുമില്ല എന്നതാണ് യാഥാർത്ഥ്യമെന്നിരിക്കെ... മനുഷ്യരുടെ അനുഭവങ്ങളും കൺമുന്നിൽ സംഭവിക്കുന്ന കാര്യങ്ങളും അതിന് സാക്ഷ്യം വഹിക്കുന്നുണ്ടെന്നിരിക്കെ ഇത് തനി അബദ്ധമാണ്. മനുഷ്യശരീരത്തിലെ ചില മൂലകങ്ങളുടെ ആധിക്യമാണ് ഈ പ്രശ്നം സൃഷ്ടിക്കുന്നത് എന്ന അവരുടെ വിശദീകരണം അപസ്മാരത്തിന്റെ ചില ഇനങ്ങളുടെ കാര്യത്തിൽ മാത്രമേ ബാധകമാകൂ.

ശേഷം അദ്ദേഹം പറഞ്ഞു: "വൈദ്യശാസ്ത്രജ്ഞരിലെ മതനിഷേധികൾ ശാരീരികമായ കാരണങ്ങൾ കൊണ്ടുണ്ടാകുന്ന അപസ്മാരം മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. ബുദ്ധിയും തിരിച്ചറിവുമുള്ള, ഇത്തരം അവസ്ഥകളെ കുറിച്ചും ആത്മാവിന്റെ സാന്നിദ്ധ്യത്തെ കുറിച്ചും തിരിച്ചറിവുള്ള ഏതൊരാളും ഇവരുടെ വിവരക്കേടും ബുദ്ധിശൂന്യതയും കണ്ട് ചിരിക്കുക മാത്രമേ ചെയ്യുകയുള്ളൂ. ഇത്തരം അപസ്മാരങ്ങളെ ചികിത്സിക്കേണ്ടത് രണ്ട് രൂപത്തിലാണ്:

ഒന്ന് ജിന്ന് ബാധയേറ്റ വ്യക്തിയുടെ ഭാഗത്ത് നിന്നും രണ്ടാമത്തേത് ചികിത്സിക്കുന്ന വ്യക്തിയുടെ ഭാഗത്ത് നിന്നും വേണ്ടതാണ്.

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

ജിന്ന് ബാധിച്ച വ്യക്തിയെ സംബന്ധിച്ചിടത്തോളം അവൻ തന്റെ മനസ്സിന്റെ ശക്തി കാത്തുസൂക്ഷിച്ചു കൊണ്ടും, ഈ ആത്മാവുകളെയെല്ലാം പടച്ചവനായ അല്ലാഹുവിലേക്ക് സത്യസന്ധമായി മടങ്ങിക്കൊണ്ടും, ഹൃദയവും നാവും ഒരുമിക്കുന്ന വിധത്തിൽ അല്ലാഹുവിനോട് രക്ഷ തേടിക്കൊണ്ടും തന്നെ ചികിത്സിക്കണം. ഇത് ഒരർത്ഥത്തിൽ ഒരു കടുത്ത പോരാട്ടം തന്നെയാണ്. യുദ്ധത്തിൽ പോരാളിക്ക് തന്റെ ആയുധം കൊണ്ട് വിജയം ലഭിക്കണമെങ്കിൽ രണ്ട് കാര്യങ്ങൾ വേണ്ടതുണ്ട്; ഒന്ന് അവന്റെ കയ്യിലുള്ള ആയുധം നല്ലതും മൂർച്ചയുള്ളതുമായിരിക്കണം. രണ്ടാമത്തേത് ഈ ആയുധം കൊണ്ട് വെട്ടുന്നവന് ആരോഗ്യവും ശക്തിയുമുണ്ടായിരിക്കണം. ഇതിലേതെങ്കിലുമൊന്ന് ഇല്ലായെങ്കിൽ തന്നെ വലിയ പരിശ്രമങ്ങൾ കൊണ്ടൊന്നും യാതൊരു കാര്യവുമില്ല. അപ്പോൾ ഈ രണ്ട് കാര്യങ്ങളും നഷ്ടപ്പെട്ടവന്റെ അവസ്ഥ ആലോചിച്ചു നോക്കൂ.

ഹൃദയം തൗഹീദില്ലാതെ തകർന്നടിയുകയും, അല്ലാഹുവിലുള്ള തവക്കുലോ (ഭരമേൽപ്പിക്കൽ) തഖ്'വയോ (ധർമ്മനിഷ്ഠ) അവനിലേക്കുള്ള പ്രാർത്ഥനകളോ ഇല്ലാത്തവനെ സംബന്ധിച്ചിടത്തോളം അവൻ ആയുധം തന്നെ നഷ്ടമായവനാണ്.

ഇനി ശ്രദ്ധിക്കേണ്ടത് ചികിത്സിക്കുന്നവനാണ്. അവന്റെ പക്കലും മേൽ പറഞ്ഞ രണ്ട് ഗുണങ്ങൾ ഉണ്ടായിരിക്കണം. ചില ചികിത്സകരെ സംബന്ധിച്ചിടത്തോളം മനുഷ്യരെ ബാധിച്ച ജിന്നിനോട് 'നീ പുറത്തു പോകൂ' എന്നോ, ബിസ്മില്ലാഹ് എന്നോ, ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ് എന്നോ പറയേണ്ട ആവശ്യം മാത്രമേ ഉണ്ടാവുകയുള്ളൂ. നബി -ﷺ- പറയാറുണ്ടായിരുന്നത് ഇപ്രകാരമാണ് : "അല്ലാഹുവിന്റെ ശത്രൂ! പുറത്തു പോവുക; ഞാൻ അല്ലാഹുവിന്റെ ദൂതനാണ്."

എന്റെ ശൈഖായിരുന്ന ഇബ്നു തൈമിയ്യഃ ജിന്ന് ബാധിച്ച വ്യക്തിയുടെ അരികിലേക്ക് ആരെയെങ്കിലും പറഞ്ഞയക്കുകയും, 'നിന്നോട് പുറത്തു പോകാൻ ശൈഖ് പറഞ്ഞിരിക്കുന്നു; നീ ഈ ചെയ്യുന്ന കാര്യം നിനക്ക് അനുവദനീയമല്ല' എന്ന് പറയാൻ കൽപ്പിക്കുകയും ചെയ്യുമായിരുന്നു. ഇതോടെ ജിന്ന് ബാധിച്ച വ്യക്തിയുടെ പ്രയാസം നീങ്ങുകയും, അവൻ എഴുന്നേൽക്കുകയും ചെയ്യുമായിരുന്നു. മറ്റു ചിലപ്പോൾ ശൈഖ് തന്നെ ജിന്നിനോട് സംസാരിക്കുകയും ചെയ്യാറുണ്ട് . ജിന്നുകളിൽ പെട്ട ദുഷ്ടന്മാരും കഠിനന്മാരും പുറത്തു പോകാൻ ചിലപ്പോൾ അടിക്കേണ്ട ആവശ്യം വരാറുണ്ട്. ഇതോടെ ജിന്ന് ബാധിച്ച വ്യക്തിക്ക് സ്വബോധം വരും. പക്ഷേ അടിയുടെ വേദന അവൻ അറിഞ്ഞിട്ടുണ്ടായിരിക്കുകയില്ല.

ഈ പറഞ്ഞ കാര്യം ഞങ്ങളും ഞങ്ങളല്ലാത്തവരും എത്രയോ തവണ സാക്ഷ്യം വഹിച്ചിട്ടുണ്ട്..." ചുരുക്കത്തിൽ വിവരവും ബുദ്ധിയും തിരിച്ചറിവും വളരെ

കുറഞ്ഞവർ മാത്രമേ ജിന്ന് ബാധ മൂലമുണ്ടാകുന്ന അപസ്മാരത്തെ നിഷേധിക്കുകയുള്ളൂ.

ദീൻ കുറവുള്ളവരെയും അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയുടെ യാഥാർത്ഥ്യം ഹൃദയത്തിൽ നിന്നും നാവിൽ നിന്നും തീർത്തും നഷ്ടമായി പോയവരെയും , മന്ത്രങ്ങളും നബി -ﷺ- പഠിപ്പിച്ച പ്രാർത്ഥനകളും ഉപേക്ഷിച്ചവരെയുമാണ് ഇത്തരം ഉപദ്രവകാരികളായ ജിന്നുകളുടെ പ്രശ്നങ്ങൾ കൂടുതലും ബാധിക്കാറുള്ളത്. നിരായുധനായി നിലകൊള്ളുന്ന ഒരു മനുഷ്യനെയായിരിക്കും ജിന്നുകൾ ഇത്തരക്കാരിൽ കണ്ടെത്തുക. അല്ല! ചിലപ്പോഴവർ വസ്ത്രം പോലുമില്ലാത്തവരായിരിക്കും." (സാദുൽ മആദ്: 4/66-69)

ഇത്രയും നാം എടുത്തു നൽകിയത് ജിന്ന് മനുഷ്യനെ ബാധിക്കുമെന്ന കാര്യം അറിയിക്കുന്ന ഇസ്ലാമിക പ്രമാണങ്ങളിൽ നിന്നുള്ള തെളിവുകളും, അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പണ്ഡിതന്മാരുടെ ഏകാഭിപ്രായവുമാണ്. ജിന്ന് ബാധയെ നിഷേധിച്ചവരുടെ വാദം അപകടമാണെന്നും, ഈ വിഷയത്തിൽ ശൈഖ് അലി ത്വന്ത്വാവിക്ക് അബദ്ധം പിണഞ്ഞിരിക്കുന്നു എന്നും വായനക്കാർക്ക് ഇതോടെ മനസ്സിലായിരിക്കും.

ഈ വിഷയത്തിലുള്ള സത്യം ബോധ്യപ്പെടുത്തപ്പെട്ടാൽ അതിലേക്ക് മടങ്ങാൻ ഞാൻ തയ്യാറാണ് എന്ന് ശൈഖ് തന്ത്വാവീ പറഞ്ഞിരുന്നു. അദ്ദേഹം നാം ഈ എഴുതിയത് വായിച്ച ശേഷം ശരിയിലേക്ക് തിരിച്ചെത്തുമെന്ന് പ്രതീക്ഷിക്കാം. നമുക്കും അദ്ദേഹത്തിനും അല്ലാഹു സന്മാർഗം കാണിച്ചു തരികയും, അത് പിൻപറ്റാൻ തൗഫീഖ് നൽകുകയും ചെയ്യട്ടെ.

ഇത്രയും പറഞ്ഞതിൽ നിന്ന് അന്നദ്വഃ പത്രത്തിൽ ഡോ. മുഹമ്മദ് ഇർഫാൻ എഴുതിയ ലേഖനത്തിലെ തെറ്റും ജനങ്ങൾക്ക് ബോധ്യമായിരിക്കും. ജിന്ന്ബാധയെന്ന ഒരു വാക്ക് പോലും മെഡിക്കൽ ഡിക്ഷ്ണറിയിൽ കണ്ടെത്താൻ സാധ്യമല്ലെന്നും, ജിന്ന് മനുഷ്യനിലൂടെ സംസാരിക്കുക എന്നത് ശാസ്ത്രീയമായി സമ്പൂർണ്ണ അബദ്ധമാണെന്നും അദ്ദേഹം എഴുതിയിരുന്നു.

ഈ പറഞ്ഞതെല്ലാം തന്നെ തെറ്റാണ്. ഇസ്ലാമിക വിജ്ഞാനീയങ്ങളിലുള്ള അറിവ് കുറവാണ് ഈ തെറ്റുകളുടെ മൂലകാരണം. അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാർ ഈ വിഷയങ്ങളിൽ എഴുതിയത് അവർ വായിക്കട്ടെ. അനേകം ഡോക്ടർമാർക്ക് ഒരു കാര്യം അറിയില്ല എന്നത് കൊണ്ട് മാത്രം അതെല്ലാം അബദ്ധമാണെന്ന് പറയുക സാധ്യമല്ലല്ലോ?! മറിച്ച്, സത്യസന്ധത കൊണ്ടും വിശ്വസ്തത കൊണ്ടും

## സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി

ദീനീ വിജ്ഞാനീയങ്ങളിലെ അഗാധപാണ്ഡിത്യം കൊണ്ടും അറിയപ്പെട്ട പണ്ഡിതന്മാർ ഈ ഡോക്ടർമാർക്ക് അറിയാൻ സാധിക്കാതെ പോയ കാര്യം തിരിച്ചറിഞ്ഞിരിക്കുന്നു എന്നു മാത്രമേ അതിൽ നിന്ന് മനസ്സിലാക്കാൻ കഴിയൂ.

അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത് ഏകോപിച്ച കാര്യമാണിത് എന്ന് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ രേഖപ്പെടുത്തിയ വിഷയമാണിത്. അഹ്ലുസ്സുന്നത്തിന്റെ വാദമായി അബുൽ ഹസൻ അൽ അശ്അരിയും ഇതേ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഹനഫീ പണ്ഡിതന്മാരിൽ പെട്ട മുഹമ്മദ് ശിബ്ലി (മരണം 799 ഹി) ഇതേ കാര്യം അശ്അരിയിൽ നിന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

'ആകാമുൽ മർജാൻ ഫീ ഗറാഇബിൽ അഖ്ബാർ' എന്ന ഗ്രന്ഥത്തിലെ അൻപത്തി ഒന്നാം അദ്ധ്യായത്തിൽ ഈ വിഷയം കാണാം.

ഇതോടൊപ്പം ഇബ്നുൽ ഖയ്യിം ഈ വിഷയത്തിൽ എഴുതിയതും നാം വായിക്കുകയുണ്ടായി. ബുദ്ധിയും വിവേകവും നൽകപ്പെട്ട ഡോക്ടർമാർ ഇക്കാര്യം നിഷേധിച്ചിട്ടില്ലെന്നും, ഇതിനെ നിഷേധിച്ചത് അവരുടെ കൂട്ടത്തിലെ വിഡ്ഢികളും വിവരമില്ലാത്തവരും മതനിഷേധികളും മാത്രമാണെന്നാണ് ഇബ്നുൽ ഖയ്യിം രേഖപ്പെടുത്തിയത്. അതിനാൽ എന്റെ സഹോദരാ! ഈ സത്യം നീ മുറുകെ പിടിക്കുക. വിവരമില്ലാത്ത ചില ഡോക്ടർമാരുടെ കെണിയിൽ നീ പെട്ടു പോകരുത്. ഇത്തരം വിഷയങ്ങളിൽ അറിവില്ലാതെ സംസാരിക്കുന്നവരെ നീ അന്ധമായി പിൻപറ്റുകയുമരുത്. മുഅ്തസലികളെ പോലുള്ള പിഴച്ച കക്ഷികളെയും വിവരമില്ലാത്ത ചില ഡോക്ടർമാരെയുമാണ് അവർ അന്ധമായി പിൻപറ്റുന്നത്. അല്ലാഹുൽ മുസ്തആൻ.

**ശ്രദ്ധിക്കുക:** ഇത്രയും പറഞ്ഞതിൽ നിന്ന് മനസ്സിലാക്കാവുന്ന മറ്റൊരു പാഠം കൂടിയുണ്ട്; നബി -ﷺ- യുടെ ഹദീഥുകളിൽ നിന്നും പണ്ഡിതന്മാരുടെ സംസാരങ്ങളിൽ നിന്നും ബോധ്യപ്പെടാവുന്ന വിഷയമാണത്. ജിന്നുകളോട് സംസാരിക്കുകയും അവരെ ഉപദേശിക്കുകയും അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും അവർ അതിന് ഉത്തരം നൽകുകയും ചെയ്യുക എന്നത് സുലൈമാൻ നബി -عَلَيْهِ السَّلَامُ- ന്റെ പ്രാർത്ഥനക്ക് വിരുദ്ധമാകുന്ന കാര്യമല്ല.

"അദ്ദേഹം പറഞ്ഞു. എന്റെ രക്ഷിതാവേ, നീ എനിക്ക് പൊറുത്തുതരികയും എനിക്ക് ശേഷം ഒരാൾക്കും തരപ്പെടാത്ത ഒരു അധികാരം നീ എനിക്ക് പ്രദാനം ചെയ്യുകയും ചെയ്യേണമേ." ജിന്നിനോട് നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും, മനുഷ്യന്റെ ശരീരത്തിൽ നിന്ന് പുറത്തു പോകാൻ വിസമ്മതിച്ചാൽ അവനെ അടിക്കുന്നതും മേൽ പറഞ്ഞ ആയത്തിന് വിരുദ്ധമല്ല.

മറിച്ച്, അതെല്ലാം അതിക്രമിയെ തടുക്കുകയും അതിക്രമിക്കപ്പെട്ടവനെ സഹായിക്കുകയും നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക എന്നതിന്റെ ഭാഗം മാത്രമാണ്; മനുഷ്യരോട് ചെയ്യുന്നത് പോലെ അവരോടും ഇക്കാര്യം ചെയ്യാവുന്നതാണ്. മുൻപ് നാം നൽകിയ സ്വഹീഹായ ഒരു ഹദീഥിൽ വന്നതു പോലെ:

"പിശാചിന്റെ വായിൽ നിന്ന് ഉമിനീർ പുറത്തേക്ക് വരുകയും, അവിടുത്തെ പരിശുദ്ധമായ കരങ്ങളിൽ അത് എത്തുകയും ചെയ്യുന്ന രൂപത്തിൽ നബി -ﷺ- അവന്റെ കഴുത്ത് ഞെരിക്കുകയുണ്ടായി. ശേഷം അവിടുന്ന് പറഞ്ഞു: "എന്റെ സഹോദരനായ സുലൈമാൻ നബി -عَلَيْهِ السَّلَامُ- യുടെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ ജനങ്ങൾക്ക് കാണാവുന്ന വിധത്തിൽ അവൻ തൂണിൽ ബന്ധിക്കപ്പെട്ടേനേ!"

അബുദ്ദർദാഇന്റെ ഹദീഥിൽ നബി -ﷺ- പറഞ്ഞു: "അല്ലാഹുവിന്റെ ശത്രുവായ ഇബ്'ലീസ് അഗ്നിയുടെ ഒരു കൊള്ളിയുമായി അതെന്റെ മുഖത്ത് കൊള്ളിക്കുന്നതിന് വേണ്ടി പാഞ്ഞു വന്നു. അപ്പോൾ ഞാൻ പറഞ്ഞു: "നിന്നിൽ നിന്ന് ഞാൻ അല്ലാഹുവിനോട് രക്ഷ തേടുന്നു." (മൂന്നു തവണ അവിടുന്ന് അപ്രകാരം പറഞ്ഞു.) ശേഷം ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ പരിപൂർണ്ണമായ ശാപം കൊണ്ട് ഞാൻ നിന്നെ ശപിക്കുന്നു." മൂന്നു തവണ അപ്രകാരം പറഞ്ഞു. പക്ഷേ പിശാച് പിന്തിരിഞ്ഞില്ല.

ശേഷം അവനെ പിടിച്ചു ബന്ധിച്ചാലോ എന്ന് ഞാൻ ചിന്തിച്ചു. അല്ലാഹു തന്നെ സത്യം! എന്റെ സഹോദരൻ സുലൈമാൻ -عَلَيْهِ السَّلَامُ- ന്റെ പ്രാർത്ഥന ഇല്ലായിരുന്നെങ്കിൽ രാവിലെ മദീനയിലെ കുട്ടികൾക്ക് കളിക്കാവുന്ന വിധത്തിൽ അവനെ ഞാൻ ബന്ധിച്ചേനേ!" ഈ അർത്ഥത്തിൽ വന്ന ഹദീഥുകൾ അനേകമുണ്ട്. ഇതു പോലെത്തന്നെ പണ്ഡിതന്മാരുടെ സംസാരങ്ങളും ധാരാളം ഈ വിഷയത്തിൽ കാണാം.

ഇത്രയും വിവരിച്ചതിൽ തന്നെ മതിയാകുവോളം പാഠങ്ങളുണ്ട്. സത്യം അന്വേഷിക്കുന്നവന് അവ തന്നെ മതിയായതാണ്.

അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും മുൻനിർത്തി നാം അവനോട് പ്രാർത്ഥിക്കട്ടെ; നമ്മെയും സർവ്വ മുസ്‌ലിംകളെയും അല്ലാഹുവിന്റെ ദീനിൽ അവഗാഹം നേടുന്നതിലേക്കും അതിൽ ഉറച്ചു നിൽക്കുന്നതിലേക്കും അവൻ നയിക്കട്ടെ. നമുക്കേവർക്കും അവൻ വാക്കിലും പ്രവർത്തിയിലും ശരി ചെയ്യാനുള്ള അനുഗ്രഹം നൽകട്ടെ. നമ്മെയും സർവ്വ മുസ്‌ലിംകളെയും ദീനിൽ അറിവില്ലാതെ സംസാരിക്കു

ന്നതിൽ നിന്നും, നമുക്ക് വ്യക്തമായി ബോധ്യപ്പെടാത്തതെല്ലാം നിഷേധിച്ചു തള്ളുക എന്ന വിവരക്കേടിൽ നിന്നും കാത്തുരക്ഷിക്കട്ടെ. അല്ലാഹു എല്ലാത്തിനും കഴിവു ള്ളവനാകുന്നു.

നമ്മുടെ പ്രവാചകനായ മുഹമ്മദ് നബിയിലും അവിടുത്തെ മുഴുവൻ കുടുംബ ങ്ങളിലും അനുചരൻമാരിലും അല്ലാഹുവിൻറെ രക്ഷയും സമാധാനവും വർഷി ക്കുമാറാകട്ടെ.

# ഉള്ളടക്കം

ആമുഖം ............................................................................3

സിഹ്ർ, ജ്യോത്സ്യം തുടങ്ങിയവയുടെ വിധി ..............................5

ഭാര്യ ഭർത്താവിനെതിരെ സിഹ്ർ ചെയ്താൽ.........................16

മാരണക്കാരോടും മന്ത്രവാദികളോടും ചോദിക്കുന്നതിന്റെ വിധി 19

ജിന്നുകളെ ഉപയോഗിച്ച് രോഗങ്ങൾ ചികിത്സിക്കുന്ന പാരമ്പര്യ ചികിത്സകൻ!..........................................................................23

സിഹ്റിനുള്ള ഇസ്‌ലാമിക ചികിത്സ........................................25

ജിന്ന് മനുഷ്യ ശരീരത്തിൽ പ്രവേശിക്കുമോ? .........................30